# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PTA.P8/857/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/09/2024
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12, 1-20 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PTA.P8/857/2024 തീയ്യതി: 07/09/2024

## പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2024 | 17-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2024 | 17-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ ഷാന്റി ജോർജ് , ഓഡിറ്റ് ഓഫീസർ (05-08-2024 മുതൽ 12-08-2024 വരെ)
ശ്രീ മഹേഷ് കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ മുഹമ്മദ് ഷാഫി, ഓഡിറ്റർ
ശ്രീമതി സാജിത സലീം, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിജി.പി എബ്രഹാം | പ്രസിഡന്റ് | 01-04-2023 | 01-03-2024 |
| ശ്രീ. ഗിരീഷ്കുമാർ ജെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മാലിനി ജി.പിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീ അമൽ സുരേഷ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. എ കണ്ണൻ, | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. ജ്യോതീന്ദ്രൻ എസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 31-03-2024 |
| ശ്രീമതി പ്രസന്ന കുമാരി സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-07-2023 |
| ശ്രീമതി സ്വാതി ചന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-08-2023 | 31-10-2023 |
| ശ്രീമതി പ്രസന്ന കുമാരി സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-11-2023 | 31-03-2024 |
| ശ്രീമതി ശിൽപ പ്രദീപ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷൈല.പി മാത്യു | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി ദീപ.കെ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി വിദ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 05-11-2023 |
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-11-2023 | 31-03-2024 |
| ഡോ.ഷാന്ദ ഹസൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 23-08-2023 |
| ഡോ ശാലിനി എസ് നായർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 24-08-2023 | 23-11-2023 |
| ഡോ. ജിൻസി മേരി ബി എൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 24-11-2023 | 14-02-2024 |
| ഡോ വീണ എൽ നടരാജ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 15-02-2024 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി മീര നമ്പൂതിരി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2023 | 31-03-2024 |
| കുമാരി ആതിര പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | നിക്ഷേപ പ്രവൃത്തികൾ - രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച വ്യക്തതയില്ല | 1-1-5 |
| 7 | സംയുക്ത പദ്ധതികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-6 |
| 8 | തൊഴിലുറപ്പ് പദ്ധതിയുടെ വരവു ചെലവു കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകയും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ലൈഫ് മിഷൻ വായ്പ തുകയും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ബെനിഫിഷറി കോൺട്രിബ്യൂഷൻ തുകയ്ക്ക് കൃത്യതയില്ല | 1-1-10 |
| 12 | സാംഖ്യ, സഞ്ചയ പോർട്ടലുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | Loans, Advances, Deposits എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-12 |
| 14 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | പഞ്ചായത്തിന്റെ സാമ്പത്തിക നില ഭദ്രമല്ല; റവന്യൂ കമ്മി 50.59 ലക്ഷം | 1-11 |
| 25 | ധാതുഗതാഗത പെർമിറ്റ് - 10.67 ലക്ഷം രൂപ പിഴയായി ഈടാക്കേണ്ടതാണ് | 1-12 |
| 26 | രസീത് ബുക്കുകളുടെ പരിപാലനം - അപാകതകൾ | 1-13 |
| 27 | ലേലം - അപാകങ്ങൾ | 1-14 |
| 28 | അൺ-എയിഡഡ് സ്കൂളിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 29 | തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-16 |

| | | |
|---|---|---|
| 30 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 31 | തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു | 1-18 |
| 32 | UPI പേയ്മെന്റ് അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് കൃത്യമായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നില്ല | 1-19 |
| 33 | അങ്കണവാടിയോടു ചേർന്ന് നിർമ്മിച്ച MCF ഉപേക്ഷിക്കപ്പെട്ടു; 8.41 ലക്ഷം രൂപ പാഴ്ചെലവായി | 1-20 |
| 34 | പഞ്ചായത്ത് ഓഫീസ് നവീകരണം പൂർത്തീകരിക്കാനായില്ല | 1-21 |
| 35 | മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച നിരവധി പ്രവൃത്തികൾ നടപ്പായില്ല | 1-22 |
| 36 | HDPE പോട്ട് ടെണ്ടർ നടപടി കൂടാതെ വാങ്ങി | 1-23 |
| 37 | ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 1-24 |
| 38 | വീട് വാസയോഗ്യമാക്കൽ പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-25 |
| 39 | അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു | 1-26 |
| 40 | പി.എച്ച്.സി- മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-27 |
| 41 | ജനകീയ ഹോട്ടൽ പൂട്ടി | 1-28 |
| 42 | സമ്പൂർണ ശുചിത്വം സ്മാർട്ട് ഗാർബേജ് ആപ്പ് പദ്ധതി പൂർത്തിയാക്കിയിട്ടില്ല | 1-29 |
| 43 | പുറമ്പോക്ക് ഭൂമി പരിപാലനം - അപാകതകൾ | 1-30 |
| 44 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-31 |
| 45 | യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-32 |
| 46 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേനാ പ്രവർത്തനം - അവലോകനം | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 31-05-2024 ലെ 1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 03-06-2024 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി എഴുമറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
07/09/2024

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 71,05,750 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)69,72,281 രൂപയാണ്.

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ട താണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ്, എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. 2023-24-ലെ വസ്തുനികുതി തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ 31-03-2024-ൽ ഒറ്റ 'എൻട്രി' ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണത്തിന് 'Receivables For Property Tax On Residential Buildings (Current)' ഡിമാന്റായി 1,747,453.00 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-4 നിക്ഷേപ പ്രവൃത്തികൾ - രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് വ്യക്തമല്ല. ആയതിന് കൃത്യമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-1-5 ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച വ്യക്തതയില്ല

വിവിധ ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും അഭാവത്തിൽ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-1-6 സംയുക്ത പദ്ധതികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

തൻവർഷം സംയുക്ത പദ്ധതികൾക്ക് ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം 2678546 രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 2581606 രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 96940 രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

## 1-1-7 തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-8 ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുകയും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ ഇടപാടുകൾ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത എന്നിവ ഓഡിറ്റിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാഹരണത്തിനു Contractors Retention രജിസ്റ്ററിൽ 48880 രൂപ വരവായി രേഖപ്പെടുത്തിയപ്പോൾ വാർഷിക കണക്കിൽ 8427 രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. Contractors EMD രജിസ്റ്ററിൽ 42204 രൂപ വരവായി രേഖപ്പെടുത്തിയപ്പോൾ വാർഷിക കണക്കിൽ 37204 രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. Contractors EMD രജിസ്റ്ററിൽ 20000 രൂപ ചെലവായി രേഖപ്പെടുത്തിയപ്പോൾ വാർഷിക കണക്കിൽ 15000 രൂപ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. Suppliers SD എന്നയിനത്തിന് രജിസ്റ്റർ പ്രകാരം വരവും ചെലവും ഉള്ളപ്പോൾ ഇത് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-9 ലൈഫ് മിഷൻ വായ്പ തുകയും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല

മുൻവർഷം KURDFC-യിൽ നിന്നും എടുത്ത വായ്പയുടെ ബാധ്യതയായി കാണിച്ചിരിക്കുന്നത് 3951661 രൂപയാണ്. എന്നാൽ യഥാർത്ഥ ബാധ്യത കണക്കാക്കേണ്ടത് 3777543 രൂപയാണ്. ഈ തുകയിൽ നിന്നും തൻവർഷ സോഴ്സ്റിക്കവറിയായ 548013 രൂപ കിഴിച്ചാൽ കിട്ടുന്ന ലയബലിറ്റി 3229530 രൂപ മാത്രമാണ്. വാർഷിക കണക്കിൽ 174118 രൂപയുടെ വ്യത്യാസം കാണിക്കുന്നു.

## 1-1-10 ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള ബെനിഫിഷറി കോൺട്രിബ്യൂഷൻ തുകയ്ക്ക് കൃത്യതയില്ല

ഷെഡ്യൂൾ ബി-4: Beneficiary Contribution - കൃത്യമായ രേഖകൾ ഇല്ലാത്തതിനാൽ നീക്കിയിരിപ്പ് തുകയായ 33609 രൂപയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടില്ല.

## 1-1-11 സാംഖ്യ, സഞ്ചയ പോർട്ടലുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ I-1, RP-45, B-15 : വസ്തുനികുതി സംബന്ധിച്ച് സാംഖ്യ, സഞ്ചയ പോർട്ടലുകളിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-12 Loans, Advances, Deposits എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ B18 - Loans, Advances, Deposits – നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോദ്ധ്യപ്പെടുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല. തൻവർഷം KSEB-യിലും KWA-യിലും ഡെപ്പോസിറ്റ് ചെയ്ത 108289, 127000 രൂപ മുൻവർഷത്തെ തുകയോട് കൂട്ടുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വാർഷിക കണക്കിലെ B-18 ഷെഡ്യൂളിൽ അവ ക്രമീകരിക്കേണ്ടതാണ്.

## 1-1-13 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

| | |
|---|---|
| എ) | 26/07/2011-ലെ ജി.ഒ.(എം.എസ്)നം.152/2011/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും, മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. |
| ബി) | ഗ്രാമപഞ്ചായത്ത് വക ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല. |

## 1-2 ബജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസ്സാക്കിയ തീയതി | 16-03-2023 1-ാം നം. തീരുമാനം |
| ബഡ്ജറ്റ് ജനറൽ കമ്മിറ്റി പാസ്സാക്കിയ തീയതി | 24/03/2023 1(1)-ാം നം. തീരുമാനം |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി | 13/02/2024 2(1) നം. തീരുമാനം |

റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 12624031 | 10379102 | 2244929 |
| വരവ് | 134254000 | 34599563 | 99654437 |
| ആകെ | 146878031 | 44978665 | 101899366 |
| ചെലവ് | 139495000 | 27493813 | 112001187 |
| നീക്കിയിരിപ്പ് | 7383031 | 17484852 | -10101821 |

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെന്റിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 10379102 | |
| വരവ് | 34599563 | 97005171 |
| ആകെ | 44978665 | |
| ചെലവ് | 27493813 | 107444388 |
| നീക്കിയിരുപ്പ് | 17484852 | |

## 1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കൃൂ ബിൽ/BDS |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15287452 | 15287452 | 13045560 | 172912 | 2068980 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3641735 | 3641735 | 2627069 | 182128 | Q-832538 |
| വികസന ഫണ്ട് (റ്റി.എസ്.പി.) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) | 4827548 | 2059500 | 6887048 | 2107476 | 4779572(*) | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക് ) | 740158 | 2746000+ 173295 (Interest) | 3659453 | 1043128 | 2616325(*) | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ഹെൽത്ത് ഗ്രാന്റ് -Support For Diagnostic | 273303 | 776000 + 16555 (Interest) | 1065858 | 507807 | 558051(*) | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ഹെൽത്ത് ഗ്രാന്റ് - Health & Wellness Centres | 194844 | 334000 + 9634(interest) | 538478 | 286442 | 252036(*) | |
| സംരക്ഷണ ഗ്രാന്റ് (റോഡ് ) | 0 | 5332650 | 5332650 | 1302468 | 1103768 | Q-489956 BDS-2436458 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2978000 | 2978000 | 2244304 | 131754 | Q-601942 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | | |
| ശുചിത്വ മിഷൻ | 20559 | 455390 | 475949 | 419493 | 56456 | |
| സാക്ഷരത | 15529 | 0 | 15529 | 0 | 15529 | |
| പൈക്ക | 73000 | 0 | 73000 | 0 | 73000 | |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ഐ.സി.ഡി.എസ്. | 679940 | 729449 | 1409389 | 218798 | 1190591 | |
| MGNREGS | 38625 | 984243 | 1022868 | 1008640 | 14228 | |

* ധനകാര്യ കമ്മീഷൻ ഗ്രാന്റുകളും ഹെൽത്ത് ഗ്രാന്റുകളും ലാപ്സായിട്ടില്ല.

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹919800 രൂപയും ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹377748 രൂപയും ഉൾപ്പെടെ ആകെ ₹1297548 രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 2. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹170265 രൂപ വികസന ഫണ്ട് (എസ്.സി.പി.) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 195 | 90758524 | 110 | 33936077 | 36 |

**നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം**

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 236000 | 215105 | 91.15 |
| 2 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 15 | 12 | 3170084 | 1909353 | 60.23 |
| 3 | കൃഷി ഓഫീസർ | 14 | 14 | 3714023 | 2398409 | 64.58 |
| 4 | സെക്രട്ടറി | 53 | 25 | 7166859 | 4698181 | 65.55 |
| 5 | വെറ്ററിനറി സർജൻ | 9 | 9 | 3357000 | 2151055 | 64.08 |
| 6 | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 9 | 5 | 3098313 | 459540 | 14.83 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 6 | 37740000 | 12608861 | 33.41 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 4 | 4297200 | 2276082 | 52.97 |
| 9 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 1500000 | 974213 | 64.95 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 10 | 2208740 | 1376703 | 62.33 |
| 11 | ഹെഡ്മാസ്റ്റർ | 5 | 4 | 847200 | 731491 | 86.34 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 14 | 23343105 | 4098084 | 17.56 |
| 13 | മെഡിക്കൽ ഓഫീസർ ഹോമിയോ | 0 | 0 | 0 | 0 | #DIV/0! |
| 14 | ഫിഷറീസ് ഓഫീസർ | 2 | 2 | 80000 | 39000 | 48.75 |
| | **ആകെ** | **195** | **110** | **90758524** | **33936077** | 37.39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ക്രമ നം. | വിവരണം | വിശദവിവരം |
|---|---|---|
| 1 | ആക്ഷൻ പ്ലാൻപ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 287.48 ലക്ഷം |
| 2 | ചെലവഴിച്ച തുക | 207.26 ലക്ഷം |
| 3 | ശതമാനം | 72% |
| 4 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1151 |
| 5 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 699 |
| 6 | ശതമാനം | 60% |
| 7 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 201 |
| 8 | തൻവർഷം ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടോ? | ഉണ്ട് |

**തൊഴിലുറപ്പ് പദ്ധതി ചെലവുകൾ**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 38625 | 984243 (978640 + പലിശ 5603) | 1022868 | 1008640 | 14228 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | 15737455 | 15737455 | |
| ആകെ | | | | 16746095 | |

സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| വർഷം | ഓഡിറ്റ് നടത്തിയ തീയതി | റിപ്പോർട്ട് നൽകിയ |
|---|---|---|

| | | തീയതി |
|---|---|---|
| 2023-24 | 02/01/2024 - 26/02/2024 | 29/01/2024 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2086200 | 169 |
| മാനസിക – ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2385700 | 210 |
| വിധവാ പെൻഷൻ | 5394000 | 510 |
| വാർദ്ധക്യകാല പെൻഷൻ | 22356400 | 2092 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 145600 | 13 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.08.2024 തീയതിയിൽ 12:35 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3003 രൂപ (മൂവായിരത്തി മൂന്ന് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വ്യക്തവും, ആധികാരികവുമായ ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഫയലുകൾ കൈകാര്യം ചെയ്യുന്നതിലും, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും എം.ഒ.പി. പാലിക്കുന്നു. സെക്രട്ടറി എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും, ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നു. ഓഡിറ്റ് തീയതിയിൽ 12.08.2024 ൽ 81 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു. പരാതി രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, ഇൻകംമ്പൻസി രജിസ്റ്റർ, സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ, ക്യാഷ്വൽ ലീവ് രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി, ആസ്തി രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷന്/ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് അടുത്ത കമ്മിറ്റിയിൽ റിപ്പോർട്ട് ചർച്ചയ്ക്ക് എടുക്കുകയും, കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ മറുപടി തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 03/07/18-11/07/2018 | 2013-14 To 2017-18 | 10/08/2018 |
| പെർഫോമൻസ് ഓഡിറ്റ് | 2022 മാർച്ച് | 2021 ഏപ്രിൽ – 2022 മാർച്ച് | 26/11/2022 |

## 1-11 പഞ്ചായത്തിന്റെ സാമ്പത്തിക നില ഭദ്രമല്ല; റവന്യൂ കമ്മി 50.59 ലക്ഷം

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വർഷാന്ത്യ നീക്കിയിരിപ്പ് 89.51 ലക്ഷം രൂപയാണെങ്കിലും, കൊടുത്തു തീർക്കാനുള്ള ബാദ്ധ്യതകൾ കണക്കിലെടുത്താൽ 12.42 ലക്ഷം രൂപ മാത്രമെ അവശേഷിക്കുന്നുള്ളൂ എന്ന് വ്യക്തമായിട്ടുണ്ട്.

**സ്വന്തം വരുമാനമുപയോഗിച്ച് തൻ വർഷത്തെ ചെലവുകൾക്കുള്ള തുക കണ്ടെത്താനാകുന്നില്ല**

ഗ്രാമപഞ്ചായത്തിനു സ്വന്തം വരുമാനമുപയോഗിച്ച് തൻവർഷത്തെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് ഉൾപ്പെടെ ചുമതലപ്പെട്ട ചെലവുകൾ നടത്താൻ കഴിയുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് 2023-24 സാമ്പത്തിക വർഷം 50.58 ലക്ഷം രൂപ ധനകമ്മിയാണ്. ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനതു വരുമാനം | തുക | തനതു ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 5410401 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (I-10) | 11313870 |
| വാടക (I-3) | | ഭരണപരമായ ചെലവുകൾ (I-11) | 1187029 |
| ഫീസുകളും യൂസർ ചാർജ്ജും (I-4) | 2702949 | പ്രവർത്തന ചെലവുകളും പരിപാലനവും (I-12) | 1415438 |
| വിൽപ്പനയും കൂലി ചാർജ്ജും (I-5) | 142470 | | |
| സ്ഥിര നിക്ഷേപത്തിൽ നിന്നുള്ള പലിശ (I-7) | | | |
| പലിശ (I-8) | 97674 | | |
| മറ്റു വരുമാനം (I-9) | 504000 | | |
| ആകെ വരുമാനം | 8857494 | | |
| **വരവിൽ കവിഞ്ഞ ചെലവ്** | **5058843** | | |
| **ആകെ** | **13916337** | | **13916337** |

മേൽ കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 5058843 രൂപയാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്. സർക്കാരിൽനിന്നും പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത് (തൻവർഷം ലഭിച്ച പൊതു ആവശ്യ ഗ്രാന്റ് 8640900 രൂപയാണ്).

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്.

**തനത് ഫണ്ടിന്റെ അപര്യാപ്തത – തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നു**

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ആണ് ഉള്ളത്. ആയതിന്റെ 31-03-2024 പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് വിവരങ്ങൾ | 31.03.2024-ലെ നീക്കിയിരിപ്പ് തുക |
|---|---|
| സൗത്ത് ഇൻഡ്യൻ ബാങ്ക് (10658) | 4755757 |
| SBI (E-Payments) – 33688 | 1736566 |
| SBI, തെള്ളിയൂർ – 67291319425 | 2087778 |
| Federal Bank - 26992 | 371130 |
| **ആകെ** | **₹8951231** |

വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുകകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള 31.03.2024-ലെ നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ട്, അക്കൗണ്ട് ഹെഡ് | തുക |
|---|---|
| ICDS കേന്ദ്ര വിഹിതം- 320100196 | 1190591 |
| ശുചിത്വമിഷൻ ഗ്രാന്റ്- 320100198 | 326856 |
| സംസ്ഥാന വിഹിതം- 320300199 | 926274 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (മുൻ വർഷങ്ങളിൽ ലഭിച്ചത്) – 320700204 | 955404 |
| ജില്ലാ പഞ്ചായത്ത് വിഹിതം (മുൻ വർഷങ്ങളിൽ ലഭിച്ചത്) – 320700205 | 926311 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം (മുൻ വർഷങ്ങളിൽ ലഭിച്ചത്) – 320700404 | 2000000 |
| **ആകെ** | **₹6325436** |

2023-24 സാമ്പത്തിക വർഷാന്ത്യത്തിൽ സെക്യൂരിറ്റി നിക്ഷേപം ഇനത്തിൽ 377602 രൂപയുടെയും ശമ്പളം, ലൈബ്രറി സെസ്സ് ഉടങ്ങിയ ഇനങ്ങളിൽ 1006437 രൂപയുടെയും ബാധ്യതയുണ്ട്. ഇപ്രകാരം ആകെ 77.09 ലക്ഷം

രൂപയുടെ (6325436+377602+1006437=7709475) ബാധ്യത നിലനിൽക്കുമ്പോൾ, തനത് ഫണ്ടിൽ 89.51 ലക്ഷം രൂപ മാത്രമാണ് അവശേഷിക്കുന്നത്. അതായത് **ബാദ്ധ്യതകൾ തീർത്താൽ തനതുഫണ്ടിൽ 12.42 ലക്ഷം രൂപ മാത്രമെ അവശേഷിക്കുന്നുള്ളൂ.** പഞ്ചായത്തിന്റെ സാമ്പത്തിക നില ദുർബലമാണ്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ പ്രത്യേക അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിച്ച് ചെലവഴിക്കാതിരുന്നതുമൂലം തനതുഫണ്ടിലെ ചെലവുകൾ നിയന്ത്രിക്കാൻ കഴിയാതെ വരുന്നുണ്ട്. തനതു ഫണ്ടിലെ ബാദ്ധ്യതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾക്കും, മുൻ വർഷങ്ങളിൽ സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുക ചെലവഴിക്കാതിരിക്കുന്നതിനുള്ള കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/17.08.2024) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. നികുതി ഫീസ് പിരിവ് ഊർജ്ജിതപ്പെടുത്തി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കണം. വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ പരമാവധി കാര്യക്ഷമതയും, മിതവ്യയവും പാലിക്കണം. ഫലപ്രദമല്ലാത്തതോ പാഴ്ചെലവ് വരുത്തുന്നതോ ആയ രീതിയിലുള്ള വിഭവ വിനിയോഗം ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ധാതുഗതാഗത പെർമിറ്റ് – 10.67 ലക്ഷം രൂപ പിഴയായി ഈടാക്കേണ്ടതാണ്

Kerala Minor Mineral Concession (Amendment) Rules 2023 പ്രകാരം, ഷെഡ്യൂൾ-1-ലെ ഇനം 3 പ്രകാരമുള്ള സാധാരണ മണ്ണിനുള്ള Movement Permit (Form-S)-ഉം Mineral Transit Passes [Form O(A)]-ഉം ആണ് തദ്ദേശ സ്ഥാപനത്തിന് നൽകാനാകുക (കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ 3000 Sq.Ft.(278.7 $M^2$) വരെയുള്ള കെട്ടിട നിർമ്മാണത്തിനുവേണ്ടിയുള്ള സാധാരണ മണ്ണ് കടത്തുന്നതിന്).

അംഗീകൃത പ്ലാൻ പ്രകാരമുള്ള മണ്ണ് മാത്രമെ കുഴിച്ചെടുക്കുകയുള്ളൂവെന്നും, ട്രാൻസ്പോർട്ട് ചെയ്യുകയുള്ളൂവെന്നും, അംഗീകൃത കെട്ടിട പ്ലാൻ പ്രകാരമുള്ള നിർമ്മാണം നടത്തുകയുള്ളൂവെന്നും, Movement പെർമിറ്റ് തീയതിക്കു ശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ Basement നിർമ്മാണം പൂർത്തീകരിക്കുമെന്നും രേഖപ്പെടുത്തിയുള്ള സ്റ്റാമ്പ് പേപ്പറിൽ നോട്ടറി അറ്റസ്റ്റ് ചെയ്ത് (Form-T) ഇതിനായി അപേക്ഷകൻ സമർപ്പിക്കണം. ബേസ്മെന്റ് നിർമ്മിക്കാത്തപക്ഷം റോയൽറ്റിയായി അടച്ച തുകയുടെ അഞ്ച് ഇരട്ടി തുക പിഴയായി അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാകുന്നതാണ്. പെർമിറ്റഡ് ഏരിയയിൽ അധികമായി മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ, പ്ലാൻ പ്രകാരമുള്ള മണ്ണിന്റെ അളവിൽ അധികമായി മണ്ണ് എടുത്തിട്ടുണ്ടെങ്കിലോ അധികമായി എടുത്ത മണ്ണിന് അഞ്ചിരട്ടി റോയൽറ്റി പിഴയായി ഈടാക്കേണ്ടതാണ് (ചട്ടം 14(8)).

Movement Permit സംബന്ധിച്ച വിശദാംശങ്ങളുടെ രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കേണ്ടതുണ്ട് (LSGD Secretary). ഇതിൽ പെർമിറ്റ് വിവരങ്ങൾ, ട്രാൻസിറ്റ് പാസ്സ് വിവരങ്ങൾ, ബേസ്മെന്റ് നിർമ്മാണ വിവരം, ഫൈൻ വിശദാംശങ്ങൾ, മൂവ്മെന്റ് പെർമിറ്റ് റദ്ദാക്കിയെങ്കിൽ ആ വിവരം എന്നിവ ഉൾപ്പെടുത്തണം. ഫൈൻ ഈടാക്കുന്നതിനു റവന്യൂറിക്കവറി നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

എഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ ധാതുഗതാഗത പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷം ആകെ ലഭിച്ച 18 അപേക്ഷകളിൽ 17 എണ്ണത്തിനും പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമായി. ഇതിൽ ആദ്യ പെർമിറ്റ് നേടിയ വ്യക്തിയുടെ സൈറ്റ് പരിശോധിച്ചതിൽ നിന്നും പെർമിറ്റ് തീയതി കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും ബേസ്മെന്റ് കെട്ടിയിട്ടില്ലെന്ന് കണ്ടു. അപേക്ഷക സമർപ്പിച്ച പ്ലാൻ പ്രകാരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാണ് മണ്ണെടുത്തിട്ടുള്ളത്. എന്നാൽ സൈറ്റിൽ പഴയ വീടാണ് കാണാൻ കഴിഞ്ഞത്. വീടിന്റെ മുൻഭാഗത്തുള്ള മണ്ണ് എടുത്തുമാറ്റിയിട്ടുമുണ്ട്. പഴയ കെട്ടിടം കെട്ടിട പ്ലാനിൽ കാണിച്ചിട്ടുമില്ല. ഈ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം............) സൈറ്റ് പരിശോധിച്ച സാങ്കേതിക ഉദ്യോഗസ്ഥർ മറുപടി നൽകിയിട്ടില്ല.

| പേര്, വിലാസം | പെർമിറ്റ് നമ്പർ/തീയതി | ഡെവലപ്പ്മെന്റ് ഏരിയ | ട്രാൻസിറ്റിനായി അനുവദിച്ച മണ്ണിന്റെ അളവ് | അടവാക്കിയ റോയൽറ്റി |
|---|---|---|---|---|
| രജനി സനൽകുമാർ, പാറപൊട്ടാനിക്കൽ, കൊല്ലകടവിൽ | SC3(BA-172405)23 /18.05.2023 | 2.90 ആർ' | 289.59 $M^3$ (579 Tonne) | ₹23167 |

മൂവ്മെന്റ് പെർമിറ്റ് തീയതിയ്ക്കുശേഷം ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് നിർമ്മിച്ചിട്ടില്ലാത്തതിനാൽ KMMC റൂൾ 14(7) പ്രകാരമുള്ള ഫൈൻ തുകയായ **₹115835 രൂപ** (23167x5=115835) അപേക്ഷകയിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ചട്ടപ്രകാരമുള്ള ഫൈൻ ചുമത്തിയിട്ടില്ലെന്ന് കണ്ടു.

**<u>അനുവദിച്ചതിൽ കൂടുതൽ മണ്ണ് സൈറ്റിൽ നിന്നും മാറ്റി</u>**

തൻവർഷം പെർമിറ്റ് നൽകിയതിൽ താഴെ പറയുന്ന മൂന്നു അപേക്ഷകർ പെർമിറ്റ് പ്രകാരം അനുവദിച്ച മണ്ണിൽ

കൂടുതൽ അളവിൽ മണ്ണ് സൈറ്റിൽ നിന്നും എടുത്തു മാറ്റിയതായി വിവിധ പരാതികൾ ലഭിച്ചതിനെത്തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിക്കുകയും നിയമാനുസൃത നോട്ടീസുകൾ നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | പെർമിറ്റ് നമ്പർ/തീയതി | ട്രാൻസിറ്റിനായി അനുവദിച്ച മണ്ണിന്റെ അളവ്, അടവാക്കിയ റോയൽറ്റി | അധികമായി നീക്കം ചെയ്ത മണ്ണിന്റെ അളവ് | അടവാക്കേണ്ട ഫൈൻ (Tonne X 5 X ₹40) |
|---|---|---|---|---|
| രാജു തോമസ്, കരിമ്പന്നൂർ, എഴുമറ്റൂർ P.O. | SC3(BA-50028)23 /07.02.2023 | 1086 $M^3$ (2172 Tonne) ₹86880 | 314.44 $M^3$ (628.88 Tonne) | ₹125776 |
| ഫിലിപ്പ് ഈശോ, തയ്യിൽ വീട്, വാളക്കുഴി P.O. | SC3(BA-423315)23 /19.12.2023 | 229.44 $M^3$ (458.88 Tonne) ₹18355 | 906.846 $M^3$ (1813.692) | ₹362738 |
| അമ്പോറ്റി എന്നു വിളിക്കുന്ന ഈപ്പൻ ചെറിയാൻ, വാളക്കുഴിയിൽ പുത്തൻ പുരയ്ക്കൽ, തെള്ളിയൂർ P.O. | SC3(BA-58788)24 /16.02.2024 | 890.86 $M^3$ (1781.72 Tonne) ₹71269 | 1158.14 $M^3$ (2316.28 Tonne) | ₹463256 |
| **ആകെ** | | | | **₹951770** |

മേൽ പറഞ്ഞ വ്യക്തികളിൽനിന്നും KMMC റൂൾ 14(8) പ്രകാരം അധികമായി മാറ്റിയ മണ്ണിന്റെ അഞ്ചിരട്ടി റോയൽറ്റി പിഴയായി ഈടാക്കേണ്ടതാണ്.

ഇപ്രകാരം സർക്കാരിനു ലഭ്യമാകേണ്ട പിഴ തുകയായ **₹1067605 രൂപ** (115835+951770) ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ശ്രീമതി രജനി സനൽകുമാറിന് 13.08.2024-ൽ നോട്ടീസ് നൽകിയതായി ഓഡിറ്റിനെ അറിയിച്ചു.

ശ്രീ രാജു തോമസ് എന്നയാൾക്ക് ₹125776 രൂപ അടവാക്കുന്നതിനു നോട്ടീസ് നൽകിയെങ്കിലും അപേക്ഷകന്റെ സാന്നിദ്ധ്യത്തിൽ മണ്ണിന്റെ അളവുകൾ ബോദ്ധ്യപ്പെടുത്തണമെന്ന് കാണിച്ച് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ശ്രീ ഫിലിപ്പ് ഈശോ എന്നയാൾക്ക് ₹362738 രൂപ അടവാക്കുന്നതിനു നോട്ടീസ് നൽകിയെങ്കിലും KMMC റൂൾ 98 പ്രകാരം ടിയാൻ ജില്ലാ ജിയോളജിസ്റ്റിനു അപ്പീൽ നൽകി എന്നറിയിച്ചു.

ശ്രീ ഈപ്പൻ ചെറിയാൻ എന്നയാൾക്ക് ₹463256 രൂപ അടവാക്കുന്നതിനു നോട്ടീസ് നൽകിയെങ്കിലും തുക അടവാക്കിയിട്ടില്ല. ടിയാൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്നും സെക്രട്ടറി ഓഡിറ്റിനു മറുപടി നൽകി.

ശ്രീമതി ഏലിയാമ്മ തോമസ്, തോട്ടത്തിൽ കാലായിൽ, എഴുമറ്റൂർ എന്ന വ്യക്തി സർവ്വെ നമ്പർ 249/21 ൽ ഉൾപ്പെട്ട 3.05 ആർ' സ്ഥലത്തു നിന്നും 913.05$m^3$ മണ്ണ് എടുത്തു മാറ്റുന്നതിനു അപേക്ഷ നൽകിയിരുന്നു. എന്നാൽ പെർമിറ്റ് നൽകിയിട്ടില്ല. ഈ വ്യക്തി പെർമിറ്റില്ലാതെ മണ്ണ് എടുത്തു മാറ്റിയിട്ടുണ്ടോയെന്നു വാർഡ് അംഗം വഴിയോ മറ്റു മാർഗ്ഗങ്ങളിലൂടെയും അന്വേഷിച്ച് ഓഡിറ്റിനു മറുപടി നൽകണമെന്നാവശ്യപ്പെട്ടിരുന്നു. ഇതിനു മറുപടിയായി സ്ഥലത്തു നിന്നും സാധാരണ മണ്ണ് നീക്കം ചെയ്തിട്ടില്ലായെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ 13.08.2024-ൽ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

2023-24-ൽ പെർമിറ്റ് നൽകിയ എല്ലാ അപേക്ഷകളും ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ബേസ്മെന്റ് കെട്ടിയോ എന്നതും അനുമതിയിൽ കൂടുതൽ മണ്ണ് എടുത്തുമാറ്റിയിട്ടുണ്ടോയെന്നും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാണ്. KMMC റൂൾ 14 (I)(a) പ്രകാരം മണ്ണ് എടുത്തു മാറ്റേണ്ട ഏരിയ മാർക്ക് ചെയ്യേണ്ടതും മാർക്ക് ചെയ്ത ഏരിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയ + കെട്ടിടത്തിനു വേണ്ട തുറന്ന സ്ഥലം (Open Space)-ൽ കൂടുതലാകാനും പാടില്ല. സുരക്ഷാ വ്യവസ്ഥകളും ഡ്രൈവ് എവേ ഏരിയയും ഇതിൽ ഉൾപ്പെടുന്നു. അതിനാൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. അധികം മണ്ണ് എടുത്ത വ്യക്തികളിൽ നിന്നും

ബേസ്മെന്റ് കെട്ടാത്ത അപേക്ഷകയിൽ നിന്നും നിയമാനുസൃതം സർക്കാരിനു ലഭിക്കേണ്ട **₹1067605 രൂപ നിയമാനുസൃതമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.**

## 1-13 രസീത് ബുക്കുകളുടെ പരിപാലനം - അപാകതകൾ

2023-24 സാമ്പത്തിക വർഷം ക്ലാർക്കുമാർക്കും, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പഞ്ചായത്തിൽനിന്നും വിതരണം ചെയ്ത രസീത് ബുക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | പിരിവിന് നൽകുന്ന രസീതു ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല (ഉദാ: ബുക്ക് നം.12971, 12972, 12973, 33721). |
| 2. | സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ: ബുക്ക് നം. 4192, 12970, 33723). |
| 3. | നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല (ഉദാ: ബുക്ക് നം. 12274, 12973, 33721, 33722). |

അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ലേലം - അപാകങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അമൃത് സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചിറക്കൽ കുളം നവീകരണത്തിന്റെ ഭാഗമായി കുളത്തിൽ നിന്നും ലഭിച്ച $30m^3$ കരിങ്കൽ ലേലം ചെയ്യുന്നതിന് 04.08.2023-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര യോഗത്തിൽ 2/1 നമ്പർ തീരുമാന പ്രകാരം 04.08.2023 തീയതിയിൽ ലേല പരസ്യം നൽകിയിരുന്നു. തുടർന്ന് 22.08.2023-ൽ പുനർലേല പരസ്യവും നൽകിയിട്ടുണ്ട്. ലേലം തുകയുടെ 18% ജി.എസ്.ടി. കൂട്ടിയുള്ള തുക ഒറ്റ തവണയായി പഞ്ചായത്തിൽ അടക്കണമെന്ന നിബന്ധന ലേല പരസ്യത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 14.09.2023-ൽ നടന്ന ലേലത്തിൽ ആകെ 3 പേർ പങ്കെടുത്തു. ആയതിൽ ഏറ്റവും ഉയർന്ന തുകയായ 46950 രൂപക്ക് (ലേല ഡയറി പ്രകാരം) ലേലം വിളിച്ച രമേശ് കെ.കെ., കൊച്ചുകുന്നുമ്പുറത്ത് എന്ന വ്യക്തിക്കാണ് ലേലം സ്ഥിരപ്പെടുത്തിയത്. ലേല നടപടികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കരിങ്കല്ലിന്റെ വില സംബന്ധിച്ച എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല
2) ലേല ഡയറിയിൽ ലേലം എത്ര രൂപയിലാണ് ആരംഭിച്ചതെന്ന് രേഖപ്പെടുത്തിയിട്ടില്ല
3) ലേല രജിസ്റ്ററിൽ ലേലം സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല
5) നിരതദ്രവ്യം ആയി ലഭിച്ച 5000 രൂപ ലേലം ഇനത്തിലുള്ള വരുമാനമായി കണക്കാക്കിയിട്ടുണ്ടെങ്കിലും ടി തുക Contractors' Earnest Money Deposit (340100101) എന്ന ഹെഡിൽ ബാധ്യതയായി നിലനിൽക്കുന്നു.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/06.08.2024) മറുപടി ലഭിച്ചു. നിലവിൽ കരിങ്കല്ലിന് P.W.D. നിരക്ക് ക്യൂബിക് മീറ്ററിന് 1510.19 രൂപയാണെന്നും, കുളത്തിൽ നിന്നും ലഭിച്ച പഴയ കരിങ്കല്ലിന് ക്യൂബിക് മീറ്ററിന് 1057.13 രൂപ എന്ന നിരക്കിലാണ് എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളതെന്നും ആയതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലയെന്നും മറുപടിയിൽ അറിയിച്ചു. നിരതദ്രവ്യം ആയി ലഭിച്ച 5000 രൂപ Contractors' Earnest Money Deposit (340100101) എന്ന ഹെഡിൽ നിന്നും ലേലം ഇനത്തിലുള്ള വരുമാനമായി മാറ്റി അക്കൗണ്ട്സിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-15 അൺ-എയിഡഡ് സ്കൂളിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

അൺ-എയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തുനികുതി ബാധകമാക്കിയിട്ടുണ്ടെങ്കിലും, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് വിദ്യാലയമായ ബെഥനി അക്കാദമി, വെണ്ണിക്കുളം എന്ന സ്ഥാപനത്തിൽനിന്നും തൻവർഷം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 207 പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാർ വകയോ, എയ്ഡഡോ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളും, പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളും വസ്തുനികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. എന്നാൽ 27.03.2023-ൽ വിജ്ഞാപനം ചെയ്ത 2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 01.04.2023 പ്രാബല്യത്തിൽ സർക്കാർ ഭേദഗതി ചെയ്യുകയും, നിയമത്തിലെ സെക്ഷൻ 207 (ബിഎ) ഒഴിവാക്കപ്പെടുകയും ചെയ്തു. ഇതോടെ ഹയർ സെക്കന്ററി തലംവരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്

വസ്തുനികുതിയിലുണ്ടായിരുന്ന ഇളവ് സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് മാത്രമായി പരിമിതപ്പെട്ടിട്ടുണ്ട്.

സഞ്ചയ പോർട്ടലിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇളവ് നൽകിയിട്ടുള്ള ബെഥനി അക്കാദമിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | 2023-24 സാമ്പത്തിക വർഷം സഞ്ചയ പ്രകാരമുള്ള വസ്തു നികുതി |
|---|---|---|
| 10/462 | 473 | 2484 |
| 10/463 | 573 | 2708 |
| 10/464 | 573 | 2708 |
| 10/465 | 375 | 1969 |
| 10/465/A | 185 | 1069 |
| 10/465/B | 165 | 954 |
| ആകെ | | 11892 |

മേൽ പറഞ്ഞ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിൽ (നം.22/12.08.2024), ഇവയുടെ വസ്തുനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കണം.

## 1-16 തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

ഓഡിറ്റ് വർഷം, പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കുന്നതിന് ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും, വ്യക്തികളെയും തൊഴിൽ നികുതി പിരിവിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്. ഓഡിറ്റ് നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി പിരിവിൽനിന്നും ഒഴിവായിപ്പോയതായി കണ്ട സ്ഥാപനങ്ങളുടെയും, വ്യക്തികളുടെയും വിവരം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽനിന്ന് സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

2. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | 2023-24 |
|---|---|---|
| 1 | സെന്റ് തോമസ് ഹോളോ ബ്രിക്സ് | 1st Half |
| 2 | വടക്കേമുറിയിൽ ഫിനാൻസ് , തടിയൂർ | 1st Half |
| 3 | ഫിലിപ്പ്സൺസ് ടെക്സ്റ്റൈൽസ് | 2nd Half |
| 4 | നന്ദു ബ്രിക്സ് ഇൻഡസ്ട്രീസ് | 2nd Half |

3. ചുവടെ ചേർക്കുന്ന പൊതുമരാമത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| ക്രമ നം. | കരാറുകാരന്റെ പേരും മേൽവിലാസവും |
|---|---|
| 1 | സുനിൽ എം.ജി., മാനിശ്ശേരിൽ, തിരുമൂലപുരം |
| 2 | സാബു കെ.ഒ., കണ്ടല്ലൂർ മേപ്പുറത്ത്, തുരുത്തിക്കാട് |
| 3 | ബിജു കെ.ജെ., കുരകല്ലിൽ, പെരിങ്ങനാട്, അടൂർ |
| 4 | രമേശ് കെ.കെ., കൊച്ചുകുന്നുംപുറത്ത്, കീഴ്‌വായ്പൂര് |
| 5 | സുനിൽ എം.ജി., മുനിശ്ശേരിൽ, MC റോഡ്, തിരുവനന്തപുരം |
| 6 | റെനി കുര്യൻ, പട്ടമ്പലത്ത്, തുരുത്തിക്കാട് പി.ഒ |

| | |
|---|---|
| 7 | ജയകൃഷ്ണൻ, പഞ്ചവടി, കോളഭാഗം പി ഒ |
| 8 | ടോബി ഫിലിപ്പ് തമ്പി, എരുപ്പാക്കൽ കൺസട്രക്ഷൻ, അയിരൂർ |
| 9 | റീനാ തോമസ്, വിളയിൽ ഹൗസ്, ഇടക്കുളം, റാന്നി |

മേൽ വിഷയത്തിൽ വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/08.08.2024) മറുപടിയായി, ടി സ്ഥാപനങ്ങൾക്കും കരാറുകാർക്കും കത്ത് നൽകുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, പട്ടിക ഒന്ന്, ക്രമ നം.149 പ്രകാരം റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ FACTEAOS ലൈസൻസ് രജിസ്റ്ററും, തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ചപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 11 റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ, തൊഴിൽനികുതി അടവാക്കുകയോ ചെയ്തിട്ടില്ലെന്ന് വ്യക്തമായി. കൂടാതെ പഞ്ചായത്ത് പരിധിയിൽ ഉള്ള മാവേലി സ്റ്റോറും (വളക്കുഴി) ലൈസൻസ് എടുത്തിട്ടില്ല. പഞ്ചായത്തിലെ റേഷൻ ഷോപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | റേഷൻ ഷോപ്പിന്റെ നമ്പർ |
|---|---|
| 1 | ARD No.33 |
| 2 | ARD No.36 |
| 3 | ARD No.37 |
| 4 | ARD No.98 |
| 5 | ARD No.40 |
| 6 | ARD No.43 |
| 7 | ARD No.42 |
| 8 | ARD No.44 |
| 9 | ARD No.38 |
| 10 | ARD No.39 |
| 11 | ARD No.35 |

2) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾക്ക് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റ്റോഡി ഷാപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള റ്റോഡി ഷാപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷാപ്പിന്റെ നമ്പർ |
|---|---|
| 1 | റ്റോഡി ഷാപ്പ് ടി.എസ് നം.8 |
| 2 | റ്റോഡി ഷാപ്പ് ടി.എസ് നം.13 |

3) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. അക്ഷയ കേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്ഷയ കേന്ദ്രം |
|---|---|
| 1 | അക്ഷയ കേന്ദ്രം തടിയൂർ |
| 2 | അക്ഷയ കേന്ദ്രം എഴുമറ്റൂർ |

മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവത്തിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/08.08.24) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, മേൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് വരുമാനം നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. സർക്കുലർ നം.58725/എഫ്.എം 3/2008/ത.സ്വ.ഭ.വ. 26.05.2011-ൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നില നിർത്തരുതെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ മൂന്ന് ബാങ്ക് അക്കൗണ്ടുകളിലായിട്ടാണ് നിക്ഷേപിച്ചിരിക്കുന്നത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/06.08.24) സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | ബാങ്ക് | സെക്രട്ടറിയുടെ മറുപടി |
|---|---|---|---|
| 1 | 405210105000001 | കേരള ബാങ്ക്, തടിയൂർ | ടി അക്കൗണ്ട് ആദ്യ കാലങ്ങളിൽ ഉപയോഗിച്ച് വന്നിരുന്നതാണ്. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി കേരള ബാങ്കിലുള്ള തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി ടി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | 67291319425 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തെള്ളിയൂർ | തനത് ഫണ്ട്, വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ ഫണ്ടുകൾ, കെയുആർഡിഎഫ്സി ലോൺ മുതലായവ ടി അക്കൗണ്ട് വഴിയാണ് ലഭിക്കുന്നതിനാലാണ് അക്കൗണ്ട് നിലനിർത്തിയിട്ടുള്ളത്. |
| 3 | 0373053000010658 | സൗത്ത് ഇന്ത്യൻ ബാങ്ക്, വെണ്ണിക്കുളം | ഇ-പേയമെന്റ് അക്കൗണ്ടായതിനാലാണ് നിലനിർത്തിയിട്ടുള്ളത്. |

കേരള ബാങ്കിലുള്ള തുക മറ്റ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി ടി അക്കൗണ്ട് ക്ലോസ് ചെയ്ത് സർക്കാർ ഉത്തരവ് പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 UPI പേയ്മെന്റ് അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് കൃത്യമായി ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തില്ല

21.07.23 തീയതിയിലെ എൽ.എസ്.ജി.ഡി./പിഡി/20073/2023-ആർ.ഇ.വി2 നമ്പർ സർക്കുലർ പ്രകാരം BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പേയ്മെന്റിനായി മാത്രമുപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീ കൺസിലിയേഷൻ നടത്തി നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഫെഡറൽ ബാങ്കിലുള്ള UPI Payment അക്കൗണ്ടിൽനിന്നും (നം.10680200026992) 01.08.23-നും 31.03.24-നും ഇടയിൽ 14.12.23-ന് ഒരു തവണ മാത്രമാണ് തനതു ഫണ്ട് അക്കൗണ്ടിലേക്ക് (നം.0373053000010658 /സൗത്ത് ഇന്ത്യൻ ബാങ്ക്) തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് (193176 രൂപ). UPI പേയ്മെന്റ് തുക കറന്റ് അക്കൗണ്ടിൽ നിന്ന് തനത് ഫണ്ട് സേവിംഗ്സ് അക്കൗണ്ടിലേക്ക് കൃത്യമായി ക്രെഡിറ്റ് ചെയ്യാത്തതിനാൽ പലിശയിനത്തിൽ ലഭിക്കുമായിരുന്ന വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

അപാതകയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/07.08.2024) മറുപടിയായി, നിലവിൽ 30.08.24 വരെയുള്ള തുക പൂർണ്ണമായും തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ടെന്നും, തുടർന്നുള്ള ഓരോ മാസവും തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-20 അങ്കണവാടിയോടു ചേർന്ന് നിർമ്മിച്ച MCF ഉപേക്ഷിക്കപ്പെട്ടു; 8.41 ലക്ഷം രൂപ പാഴ്ചെലവായി

8.41 ലക്ഷം രൂപ ചെലവഴിച്ച് 12-ാം വാർഡിലെ കാരമലയിൽ അങ്കണവാടിയോട് ചേർന്നു നിർമ്മിച്ച MCF കെട്ടിടം പൊതുജനങ്ങളുടെ പ്രതിക്ഷേധം കാരണം ഉപേക്ഷിക്കപ്പെട്ടതായി 09.08.24-ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി.



അങ്കണവാടി കോമ്പൗണ്ടിൽ നിർമ്മിച്ചിട്ടുള്ള MCF കെട്ടിടം ഉപേക്ഷിക്കപ്പെട്ട നിലയിൽ

പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S.O 125/2023-24, കാരമലയിൽ MCF നിർമ്മാണം. |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 900000 |
| ഫണ്ട് ചെലവഴിച്ചത് | ₹241811 (ചെക്ക് നം.12403255571/10.01.24)<br>റിക്കവറികൾ (Kbocww-2169,GST-4338, IT-2169 +Retention-5422)<br>₹380873 (ചെക്ക് നം.22407328431/29.02.24)<br>റിക്കവറികൾ (Kbocww-3416, Retention-8540, Gst-6832, IT-3416)<br>₹168274 (ചെക്ക് നം.32416112508/28.03.24)<br>റിക്കവറികൾ (Kbocww-1543,, Gst-3086, IT-1543)<br>**ആകെ – ₹841053** |
| കരാറുകാരന്റെ പേര് | റെന്നി കുര്യൻ, പട്ടമ്പലത്ത്, തുരുത്തിക്കാട്,തിരുവല്ല. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

2022-23 വാർഷിക പദ്ധതിയിൽ കാരമല MCF നിർമ്മാണത്തിനായി പദ്ധതി ആവിഷ്കരിക്കുകയും 1/22-23 ആയി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിരുന്നു. പദ്ധതി നിയമാനുസൃതവും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്നും പ്രായോഗികമാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ദീപ കെ. പ്രോജക്ട് ഫോറത്തിൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ട്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി 2/03.01.2022 തീരുമാന പ്രകാരം പദ്ധതി ശുപാർശ ചെയ്യുകയും പ്രോജക്ടിനുള്ള ഭരണാനുമതി 1(1)/21.01.2022 തീരുമാന പ്രകാരം ലഭ്യമാക്കുകയും ചെയ്തിരുന്നു.

ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് സൂക്ഷിക്കുന്നതിനായിട്ട് വാർഡ് 12-ൽ MCF കെട്ടിടം നിർമ്മിക്കുന്നു എന്ന മാത്രമാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. നിർമ്മിക്കുന്ന സൈറ്റ് അങ്കണവാടിയോടു ചേർന്നാണ് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥർ കാര്യമാക്കിയില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ 12-ാം വാർഡിലെ 49-ാം നമ്പർ അങ്കണവാടിയിൽ നിന്നും വെറും രണ്ട് മീറ്റർ മാത്രം മാറിയാണ് MCF കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്ന വ്യക്തമായി. ഈ പദ്ധതിയുടെ ക്വട്ടേഷൻ 03.05.2023-ലെ 9-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതിയും അംഗീകരിച്ചിട്ടുണ്ട്.

ഇത്തരത്തിൽ അങ്കണവാടിയുടെ സമീപം നിർമ്മിച്ച MCF കെട്ടിടം നാളിതുവരെ പൊതു ജനങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് പ്രവർത്തിപ്പിക്കാനായിട്ടില്ലാത്തതിനാലും ഇനിയും അതിനു സാധ്യത ഇല്ലാത്തതിനാലും പൊതു ഖജനാവിൽ നിന്നും ചെലവഴിച്ച **₹841053** രൂപ പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾക്ക് ഉത്തരവാദിയായവർ ഓഡിറ്റിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/12.08.2024) മറുപടിയായി 12-ാം വാർഡ് ഗ്രാമസഭയുടെ 18.05.22-ലെ 1(1)-ാം നമ്പർ ശുപാർശ പ്രകാരവും, പഞ്ചായത്ത് കമ്മിറ്റിയുടെ 21.06.2022-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരവുമാണ് MCF നിർമ്മിച്ചതെന്ന മറുപടി നൽകി. നിലവിലെ അങ്കണവാടിക്കും MCF-നും ഇടയിൽ മതിൽ കെട്ടിയും വാതിൽ വേറൊരു വശത്തേക്കു മാറ്റിയും MCF

പ്രവർത്തനക്ഷമമാക്കാം എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. എന്നാൽ ഈ മറുപടികൾ ഓഡിറ്റിനു അംഗീകരിക്കാനാവില്ല. 5 വയസ്സിൽ താഴെയുള്ള കുട്ടികൾ പഠിക്കുന്ന അങ്കണവാടിയുടെ സമീപത്ത് MCF നിർമ്മിച്ചതിൽ പൊതു താല്പര്യമില്ല. ഇതിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഗുരുതരമായ കൃത്യവിലോപമാണ് നടത്തിയിട്ടുള്ളത്. പ്രോജക്ട് പൊതു താല്പര്യത്തിന് അനുഗുണമാണെന്നും, പ്രായോഗികമായി നടപ്പിലാക്കാവുന്നതാണെന്നും ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതിക്കും, അതുപോലെതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ചുമതലയുണ്ടായിരുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ഭാഗത്ത് ഗൗരവതരമായ വീഴ്ചയുണ്ടായി. ഈ സാഹചര്യത്തിൽ MCF നിർമ്മിക്കുന്നതിന് ചെലവഴിച്ച **₹841053 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** നിർമ്മിച്ച കെട്ടിടം ഉപയോഗപ്രദമാക്കാത്തപക്ഷം ഉത്തരവാദിയായ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, പ്രോജക്ടിന് സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരിൽനിന്നും ചെലവ് തുക തുല്യമായി ഈടാക്കുന്നതിന് തുക നിരാകരിച്ച് സർചാർജ് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-21 പഞ്ചായത്ത് ഓഫീസ് നവീകരണം പൂർത്തീകരിക്കാനായില്ല

പഞ്ചായത്ത് ഓഫീസിന്റെ നവീകരണത്തിനായി 2023-24-ൽ തനത് ഫണ്ടിൽനിന്നും 10 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയും, എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. സാങ്കേതിക അനുമതി സാക്ഷ്യപത്രം പ്രകാരം 6 മാസമായിരുന്നു പദ്ധതി പൂർത്തീകരണ കാലാവധി. 16.11.2023-ൽ കരാർ വച്ച ഈ പദ്ധതി 15.05.2024-ൽ പൂർത്തീകരിക്കേണ്ടതാണെങ്കിലും ഓഡിറ്റ് തീയതിയിലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 75/2023-24, പഞ്ചായത്ത് ഓഫീസ് നവീകരണം |
| ഫണ്ട് വകയിരുത്തിയത് | ₹1000000 |
| ഫണ്ട് ചെലവഴിച്ചത് | ₹179128 (ചെക്ക് നം./27.03.24)<br>റിക്കവറികൾ (KCWWF-1607,GST-3214, IT-1607 +Retention-4016)<br>ആകെ - 189572 |
| കരാറുകാരന്റെ പേര് | ശ്രീ കെ.ഒ.സാബു, കണ്ടല്ലൂർ മേപ്പുറത്ത്, ഉരുത്തിക്കാട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിലുള്ള സ്റ്റോർ റൂമിനു മുകളിൽ റെക്കോർഡ് റൂം നിർമ്മിക്കുക, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർക്ക് ക്യാബിൻ തിരിക്കുക, ഫീഡിംഗ് റൂം തയ്യാറാക്കുക, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, കുടുംബശ്രീ എന്നിവയ്ക്ക് പ്രത്യേക റൂം തയ്യാറാക്കുക, നിലവിലെ ഹാളിന്റെ ഉയരം കൂട്ടി സീലിംഗ് ഇടുക മുതലായവ ആയിരുന്നു പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും (GST ഉൾപ്പെടെ) ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. ടെണ്ടർ നോട്ടീസ് പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 6 മാസമായിരുന്നു. 797328 രൂപ ക്വോട്ട് ചെയ്ത ശ്രീ K.O സാബുവിന്റെ ടെണ്ടർ 18.10.23-ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും കരാറുകാരനുമായി 16.11.2023-ൽ എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിരുന്നു. റെക്കോർഡ് റൂമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമാണ് 2023-24-ൽ നടത്തിയതും ഇതിനായി 1.89 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതും. മറ്റ് പ്രവർത്തനങ്ങൾ നടത്തി പദ്ധതി 15.05.2024 തീയതിയ്ക്ക് മുമ്പായി പൂർത്തീകരിക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ നിലവിലും പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്ന് നേരിട്ടു നടത്തിയ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. റെക്കോർഡ് റൂമിന്റെ സ്ട്രക്ച്ചർ ലെവൽ മാത്രമെ പൂർത്തീകരിച്ചിട്ടുള്ളൂ. കരാർ കാലാവധി നീട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/12.08.24) മറുപടിയായി നിലവിലെ സ്റ്റോർ റൂമിനു മുകളിലായാണ് റെക്കോർഡ് റൂം നിർമ്മിക്കുന്നതെന്നും പ്രതികൂല കാലാവസ്ഥ കാരണമാണ് റെക്കോർഡ് റൂം നിർമ്മാണം വൈകുന്നതെന്നും അറിയിച്ചു. സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുന്നതിന് കരാറുകാരന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം നിർമ്മാണ ചെലവിലുണ്ടാകുന്ന വർദ്ധനവിന് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. ഈ ആവശ്യത്തിലേക്ക് എസ്റ്റിമേറ്റ് പുതുക്കി നൽകുന്നത് ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

## 1-22 മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച നിരവധി പ്രവൃത്തികൾ നടപ്പായില്ല

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ എഗ്രിമെന്റ് വെച്ചതും സ്പിൽ ഓവർ പദ്ധതികളായി

നിലനിർത്തിയിരുന്നതുമായ താഴെ പറയുന്ന 9 പദ്ധതികൾ 2023-24 ൽ നടപ്പാക്കിയിരുന്നില്ല. 2023-24 സാമ്പത്തിക വർഷം ആവിഷ്കരിച്ച് ടെണ്ടർ ചെയ്ത് എഗ്രിമെന്റിൽ ഏർപ്പെട്ട 27 പ്രവൃത്തികളും തൻവർഷം നടപ്പിലാക്കിയില്ല. വിവിധ പ്രവൃത്തികൾക്ക് 4 മാസം മുതൽ 6 മാസം വരെയാണ് പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത്. നടപ്പാകാതിരുന്ന 90% പ്രവൃത്തികളും റോഡ് നിർമ്മാണ പദ്ധതികളാണ്. എഗ്രിമെന്റ് വയ്ക്കുന്നതിലെ കാലതാമസം കാരണമാണ് 2023-24-ൽ പദ്ധതികൾ നടപ്പാകാതിരുന്നത്. 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കരാർ വച്ച 19 പ്രവൃത്തികൾ തൻവർഷം നടപ്പായിരുന്നില്ല. ഇപ്രകാരം മുൻ വർഷങ്ങളിലും, തൻവർഷവും എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നടപ്പാകാതിരുന്നതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ ₹65,17,669 രൂപയും, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ ₹2398800 രൂപയും, പട്ടികജാതി വികസന ഫണ്ടിൽ ₹1000000 രൂപയും ഉൾപ്പെടെ ആകെ **₹99,16,469 രൂപ വിനിയോഗിക്കാനായില്ല.** പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/07.08.2024) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വിശദീകരണം ചുവടെ ചേർക്കുന്നു.

**2021-22 വർഷം എഗ്രിമെന്റ്വെച്ച പ്രവർത്തികൾ**

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | കരാറുകാരന്റെ പേര് | ഫണ്ട്, വകയിരുത്തിയ തുക | കരാർ തീയതി, കരാർ തുക, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | 150/2023-24 തെള്ളിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സാനിറ്ററി കോംപ്ലക്സ്. | സുനിൽ എം ജി, മുനിശ്ശേരിൽ, MC റോഡ്, തിരുവനന്തപുരം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 180000 | 26.11.2021 ₹530302 ₹18000 | നിർമ്മാണം നടത്തുമ്പോൾ സ്ഥല പരിമിതി ഉണ്ടാകുമെന്നതിനാൽ ഹോസ്പിറ്റൽ അധികാരികൾ പ്രവൃത്തി ചെയ്യാൻ സമ്മതിച്ചില്ല. |
| 2 | 136/2023-24, അരീക്കൽ കുടിവെള്ള പദ്ധതി മെയിന്റനൻസ്, വാർഡ്-4 | ടിങ്കു ജോൺ, എരപ്പുങ്കൽ, അയിരൂർ, റാന്നി | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 100000 | 26.11.2021 ₹100000 ₹3000 | 2021-22-ൽ ഗുണഭോക്താക്കൾ പദ്ധതി തടസ്സപ്പെടുത്തി. പിന്നീട് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കിയതിനാൽ നിലവിൽ ഗ്രാമപഞ്ചായത്ത് പദ്ധതി ഉപേക്ഷിച്ചു. |
| 3 | 142/2023-24, തെള്ളിയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനം | സുനിൽ എം ജി, മുനിശ്ശേരിൽ, MC റോഡ്, തിരുവനന്തപുരം | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 250000 | 17.03.2022 രേഖപ്പെടുത്തിയില്ല, ₹5000 | നിർമ്മാണം നടത്തുമ്പോൾ സ്ഥല പരിമിതി ഉണ്ടാകുമെന്നതിനാൽ ഹോസ്പിറ്റൽ അധികാരികൾ പ്രവൃത്തി ചെയ്യാൻ സമ്മതിച്ചില്ല. |
| 4 | 145/2023-24, അരീക്കൽ കുടിവെള്ള പദ്ധതി എക്സ്റ്റൻഷൻ | രമേശ് കെ കെ, കൊച്ചുകുന്നുംപുറത്ത്, കീഴ്വായ്പൂര് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 100000 | 04.03.2022 ₹100000 ₹4500 | 2021-22-ൽ ഗുണഭോക്താക്കൾ പദ്ധതി തടസ്സപ്പെടുത്തി. പിന്നീട് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കിയതിനാൽ നിലവിൽ ഗ്രാമപഞ്ചായത്ത് പദ്ധതി ഉപേക്ഷിച്ചു. |
| | ആകെ | | CFC-630000 | | |

**2022-23 വർഷം എഗ്രിമെന്റ് വച്ച പ്രവർത്തികൾ**

| ക്രമ നം | പ്രോജക്ട് നമ്പർ , പേര് | കരാറുകാരന്റെ പേര് | ഫണ്ട് , വകയിരുത്തിയ | കരാർ തീയതി ,കരാർ തുക, | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | തുക | സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക | |
| 1 | 137/2023-24, വേങ്ങഴ അട്ടക്കുഴി റോഡ് റീടാറിംഗ്, വാർഡ് - 14 | രമേശ് കെ കെ, കൊച്ചുകുന്നംപുറത്ത്, കീഴ്‌വായ്പൂര് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 671858 | 13.03.2023, ₹626023 ₹18781 | പ്രതികൂല കാലാവസ്ഥ കാരണം പദ്ധതി താമസിച്ചു. നിലവിൽ പദ്ധതി പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 2 | 151/2023-24 ചുഴന്ന കോളനി നടപ്പാത പുനരുദ്ധാരണം, വാർഡ്- 6 | രമേശ് കെ കെ, കൊച്ചുകുന്നംപുറത്ത്, കീഴ്‌വായ്പൂര് | വികസന ഫണ്ട് (SCP), 1000000 | 15.03.2023 ₹930015 ₹27900 | പ്രതികൂല കാലാവസ്ഥ കാരണം പദ്ധതി താമസിച്ചു. നിലവിൽ പദ്ധതി പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 3 | 132/2023-24, ആശ്രമം മുളക്കൽ റോഡ് പുനരുദ്ധാരണം, വാർഡ് 4 | രമേശ് കെ കെ, കൊച്ചുകുന്നംപുറത്ത്, കീഴ്‌വായ്പൂര് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 505879 | 13.03.2023, ₹471558 ₹14147 | പ്രതികൂല കാലാവസ്ഥ കാരണം പദ്ധതി താമസിച്ചു. നിലവിൽ പദ്ധതി പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 4 | 135/2023-24, തെള്ളിയൂർകാവ് അടിച്ചിനാക്കുഴി റോഡ് റീകോൺക്രീറ്റിംഗ് -വാർഡ് -8 | K O സാബു, കണ്ടല്ലൂർ മേപ്പുറത്ത്, തണ്ണിത്തോട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 335879 | 21.02.23 ₹300507 ₹7659 | നാട്ടുകാർ തടസ്സപ്പെടുത്തിയതു കാരണം പദ്ധതി താമസിച്ചു. നിലവിൽ പദ്ധതി പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടുണ്ട്. |
| 5 | 149/2023-24, ഉപ്പമാങ്കൽ ST കോളനിയിൽ കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ളക്സ് നിർമ്മാണം | അനിൽ കുമാർ വി ബി, വലിയതകിടിയിൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 90000 | 09.06.2022 ₹200000 ₹6000 | നിലവിൽ ലിന്റൽ ലെവൽ വരെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. |
| | | | **ആകെ MG(Road)- ₹15,13,616 Plan-₹10,00,000** | | |

**തൻ വർഷം എഗ്രിമെന്റ് വച്ച ശേഷം നടപ്പാകാതിരുന്ന പദ്ധതികൾ.**

| ക്രമ നം | പ്രോജക്റ്റ് നമ്പർ , പേര് | കരാറുകാരന്റെ പേര് | ഫണ്ട് , വകയിരുത്തിയ തുക | കരാർ തീയതി ,കരാർ തുക , സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | 180/2023-24, ആശ്രമം മുളക്കൽ റോഡ് ഐറിഷ് ഡ്രയിൻ നിർമ്മാണം , വാർഡ്-4 | സാബു കെ ഡി. കണ്ടല്ലൂർ മേപ്പുറത്ത്, തുരുത്തിക്കാട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 122250 | 21.11.2023 122250 ₹3200 | ജൽജീവൻ മിഷൻ പദ്ധതിയിൽ റോഡ് നശിപ്പിക്കപ്പെട്ടതിനാൽ കരാറുകാരന് വർക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. |
| 2 | 181/2023-24, ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് കോംപ്ലക്സ്, | സുനിൽ എം.ജി, മാനിശ്ശേരിൽ, തിരുമൂലപുരം | CFC-47670 സംസ്ഥാന വിഹിതം - | 16.03.2024 ₹185888 ₹4908 | ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാൽ കരാറുകാരന സൈറ്റ് കൈമാറാൻ |

| | | | | | |
|---|---|---|---|---|---|
| | അനുബന്ധപ്രവൃത്തികൾ | | 138218 | | കഴിഞ്ഞിട്ടില്ല. |
| 3 | 185/2023-24<br>MCF ൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | സാബു കെ ഡി.<br>കണ്ടല്ലൂർ മേപ്പുറത്ത്, തുരുത്തിക്കാട് | CFC-90000<br>കേന്ദ്ര വിഹിതം - 210000 | 21.11.2023<br>₹300000<br>₹7600 | നോട്ടീസ് നൽകിയെങ്കിലും കരാറുകാരൻ നാളിതുവരെ വർക്ക് ആരംഭിച്ചില്ല. |
| 4 | 103/2023-24<br>കൊറ്റംകുടി വാഴക്കാല റോഡ് റീടാറിംഗ് | ബിജു കെ ജെ,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 680000 | 06.02.2024<br>₹680000<br>₹18800 | 5 ലക്ഷത്തിനു മുകളിലുള്ള ബില്ലുകൾക്ക് നിയന്ത്രണമുള്ളതിനാൽ ടി വർക്ക് ചെയ്യാൻ കരാറുകാരൻ തയ്യാറായില്ല. |
| 5 | 104/2023-24,<br>ളുലിപ്പാറ കുന്നേൽപ്പടി റോഡ് കോൺക്രീറ്റിംഗ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>308000 | 16.02.2024<br>₹308000<br>₹7900 | ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാൽ കരാറുകാരനു സൈറ്റ് കൈമാറാൻ കഴിഞ്ഞിട്ടില്ല. |
| 6 | 105/2023-24<br>അരയാലുങ്കൽ തടം മാമൂട് റോഡ് കോൺക്രീറ്റിംഗ്. | ബിജു കെ.ജെ,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>170000 | 16.02.2024<br>₹170000<br>₹4300 | ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാൽ പദ്ധതി താമസമായെങ്കിലും നിലവിൽ പദ്ധതി പൂർത്തീകരിച്ചു. |
| 7 | 107/2023-24<br>പുത്തൻപറമ്പിൽപ്പടി മലമ്പുറത്ത് പടി നടപ്പാത കോൺക്രീറ്റിംഗ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>170000 | 17.02.2024<br>₹170000<br>₹4300 | ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാൽ പദ്ധതി താമസമായെങ്കിലും നിലവിൽ പദ്ധതി പൂർത്തീകരിച്ചു. |
| 8 | 108/2023-24<br>മൃഗാശുപത്രി റോഡ് കോൺക്രീറ്റിംഗ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>154000 | 16.02.2024<br>₹154000<br>₹3200 | ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാൽ പദ്ധതി താമസമായെങ്കിലും നിലവിൽ പദ്ധതി പൂർത്തീകരിച്ചു. |
| 9 | 109/2023-24<br>ആനവാരിക്കുഴി പറവനോലിപ്പടി റോഡ് കോൺക്രീറ്റിംഗ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>170000 | 17.02.2024<br>₹170000<br>₹4300 | ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാൽ പദ്ധതി താമസമായെങ്കിലും നിലവിൽ പദ്ധതി പൂർത്തീകരിച്ചു. |
| 10 | 111/2023-24,<br>മാവേലിൽ പുത്തേടത്ത് റോഡ് കോൺക്രീറ്റിംഗ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>170000 | 17.02.2024<br>₹170000<br>₹4300 | ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാൽ കരാറുകാരനു സൈറ്റ് കൈമാറാൻ കഴിഞ്ഞിട്ടില്ല. |
| 11 | 112/2023-24,<br>പഞ്ചായത്ത് പടി പാറക്കൂട്ടം നടപ്പാത കോൺക്രീറ്റിംഗ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | തനതു ഫണ്ട് -200000<br>ജില്ലാ പഞ്ചായത്ത് വിഹിതം -1500000 | 16.02.2024<br>₹154000<br>₹3200 | ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാൽ കരാറുകാരനു സൈറ്റ് കൈമാറാൻ കഴിഞ്ഞിട്ടില്ല. |
| 12 | 113/2023-24,<br>കൊച്ചുകാല അയ്യൻകോവിൽപ്പടി റോഡ് കോൺക്രീറ്റിംഗ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>220000 | 16.02.2024<br>₹220000<br>₹5400 | ഇലക്ഷൻ പെരുമാറ്റച്ചട്ടം വന്നതിനാൽ കരാറുകാരനു സൈറ്റ് കൈമാറാൻ കഴിഞ്ഞിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 13 | 114/2023-24,<br>ചെങ്ങോട്ട് പടി പ്ലാന്തോട്ടത്തിൽപ്പടി റോഡ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>170000 | 17.02.2024<br>₹170000<br>₹4300 | ഇലക്ഷൻ പെരുമാറ്റചട്ടം വന്നതിനാൽ പദ്ധതി താമസമായെങ്കിലും നിലവിൽ പദ്ധതി പൂർത്തീകരിച്ചു. |
| 14 | 120/2023-24,<br>വില്ലേജ് ഓഫീസ് അംബേദ്കർ കോളനി റോഡ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -<br>170000 | 17.02.2024<br>₹170000<br>₹4300 | ഇലക്ഷൻ പെരുമാറ്റചട്ടം വന്നതിനാൽ പദ്ധതി താമസമായെങ്കിലും നിലവിൽ പദ്ധതി പൂർത്തീകരിച്ചു. |
| 15 | 122/2023-24,<br>എലിക്കുഴ ലക്ഷം വീട് കോളനി റോഡ് മെയിന്റനൻസ് | ബിജു കെ.ജെ.,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 157350 | 16.11.2023<br>₹157350<br>₹4000 | ജൽജീവൻ മിഷൻ പദ്ധതിയിൽ റോഡ് നശിപ്പിക്കപ്പെട്ടതിനാൽ കരാറുകാരന് വർക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. |
| 16 | 148/2023-24,<br>ചവർണക്കാട് മുതുപാല റോഡ് റീടാറിംഗ് | രമേശ് കെ.കെ.,<br>കൊച്ചുകുന്നംപുറത്ത്,<br>കീഴ്വായ്പൂര് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 671758 | 12.06.23<br>₹567745<br>₹17032 | പദ്ധതി പൂർത്തീകരിച്ചു. WAMS ക്ലിയറൻസ് ലഭിക്കാത്തതിനാൽ ബിൽ മാറാനായിട്ടില്ല. |
| 17 | 131/2023-24,<br>തെള്ളിയൂർ PHC പുനരുദ്ധാരണം | സുനിൽ എം.ജി.,<br>മുനിശ്ശേരിൽ, MC റോഡ്,<br>തിരുവനന്തപുരം | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) - 700000 | 20.05.23<br>₹592628<br>₹29700 | പ്രവൃത്തി പൂർത്തീകരിച്ച് Q ബിൽ ആയി 2024-25 ൽ പാസ്സായിട്ടുണ്ട്. |
| 18 | 143/2023-24,<br>വിവിധ അങ്കണവാടികളുടെ പുനരുദ്ധാരണം | റെനി കുര്യൻ,<br>പട്ടമ്പലത്ത്,<br>തുരുത്തിക്കാട് പി.ഒ | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) - 1698800 | 26.02.24<br>₹1698800<br>₹36400 | രണ്ട് അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചു. ബാക്കി നടന്നു വരുന്നു. |
| 19 | 77/2023-24,<br>അത്യാൽ മേത്താനം റോഡ് റീടാറിംഗ് | ബിജു കെ ജെ,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | തനതു ഫണ്ട് - 265755<br>മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 74245 | 27.02.24<br>₹340000<br>₹9000 | ഇലക്ഷൻ പെരുമാറ്റചട്ടം വന്നതിനാൽ കരാറുകാരന സൈറ്റ് കൈമാറാൻ കഴിഞ്ഞിട്ടില്ല. |
| 20 | 79/2023-24,<br>ചുഴന്ന ലക്ഷം വീട് വെള്ളയിൽ റോഡ് റീടാറിംഗ് | ബിജു കെ ജെ,<br>കരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 690000 | 27.02.24<br>₹690000<br>₹18300 | ഇലക്ഷൻ പെരുമാറ്റചട്ടം വന്നതിനാൽ കരാറുകാരന സൈറ്റ് കൈമാറാൻ കഴിഞ്ഞിട്ടില്ല. |
| 21 | 81/2023-24,<br>കാക്കനാട്ടിൽപടി പാലക്കുഴി അമ്പലം റോഡ് കോൺക്രീറ്റിങ് | K O സാബു,<br>കണ്ടല്ലൂർ മേപ്പുറത്ത്,<br>തണ്ണിത്തോട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 210000 | 16.11.23<br>₹210000<br>₹5400 | ജൽജീവൻ മിഷൻ പദ്ധതിയിൽ റോഡ് നശിപ്പിക്കപ്പെട്ടതിനാൽ കരാറുകാരന വർക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. |
| 22 | 83/2023-24,<br>നിരവുപുറം ശ്രീകണ്ഠേശ്വരം റോഡ് റീ കോൺക്രീറ്റിങ് | K O സാബു,<br>കണ്ടല്ലൂർ മേപ്പുറത്ത്,<br>തണ്ണിത്തോട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- 86700 | 16.11.23<br>₹86700<br>₹2300 | ജൽജീവൻ മിഷൻ പദ്ധതിയിൽ റോഡ് നശിപ്പിക്കപ്പെട്ടതിനാൽ കരാറുകാരന വർക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. |
| 23 | 84/2023-24, | ജയകൃഷ്ണൻ, പഞ്ചവടി, കോളഭാഗം പി ഒ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)- | 16.03.24 | ഇലക്ഷൻ പെരുമാറ്റചട്ടം വന്നതിനാൽ കരാറുകാരന |

| | | | | | |
|---|---|---|---|---|---|
| | പറത്താനിത്തിമല അമ്പിനിക്കാട് റോഡ് റീ കോൺക്രീറ്റിങ്. | | 122000 | ₹12200<br>₹3093 | സൈറ്റ് കൈമാറാൻ കഴിഞ്ഞിട്ടില്ല. |
| 24 | 85/2023-24,<br>പാറക്കടവ് ഒട്ടുമാങ്കൽ റോഡ് മെയിന്റനൻസ് | ബിജു കെ ജെ,<br>കുരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)-<br>680000 | 06.02.24<br>₹680000<br>₹18700 | 5 ലക്ഷത്തിനു മുകളിലുള്ള ബില്ലുകൾക്ക് നിയന്ത്രണമുള്ളതിനാൽ ടി വർക്ക് ചെയ്യാൻ കരാറുകാരൻ തയ്യാറായില്ല. |
| 25 | 86/2023-24,<br>അണ്ടത്രുമണ്ണിൽപ്പടി തട്ടക്കാട്ട് പടി<br>റോഡ് മെയിന്റനൻസ്. | ബിജു കെ ജെ,<br>കുരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)-<br>680000 | 06.02.24<br>₹680000<br>₹18700 | 5 ലക്ഷത്തിനു മുകളിലുള്ള ബില്ലുകൾക്ക് നിയന്ത്രണമുള്ളതിനാൽ ടി വർക്ക് ചെയ്യാൻ കരാറുകാരൻ തയ്യാറായില്ല. |
| 26 | 88/2023-24,<br>കർത്തമാങ്കൽ മുക്കുഴി റോഡി റീടാറിങ്. | ബിജു കെ ജെ,<br>കുരകല്ലിൽ,<br>പെരിങ്ങനാട്, അടൂർ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)-<br>680000 | 27.02.24<br>₹680000<br>₹18700 | ഇലക്ഷൻ പെരുമാറ്റചട്ടം വന്നതിനാൽ കരാറുകാരനു സൈറ്റ് കൈമാറാൻ കഴിഞ്ഞിട്ടില്ല. |
| 27 | 89/2023-24<br>കാരമല ഉന്നത്താനി റോഡ് റീകോൺക്രീറ്റിങ്. | രാഹുൽ രാജ് ബി,<br>രാജ് ഭവൻ,<br>എടപ്പാവൂർ | മെയിന്റനൻസ് ഗ്രാന്റ് (റോഡ്)-<br>149750 | 09.11.23<br>₹160000<br>₹3900 | പ്രവൃത്തി പൂർത്തീകരിച്ച് Q ബിൽ ആയി 2024-25 ൽ പാസ്സായിട്ടുണ്ട്. |
| | | | ആകെ<br>**MG(Road)-₹50,04,053**<br>**MG(Non Road)-₹23,98,800** | | |

തെള്ളിയൂർ PHC-യിൽ നടപ്പാക്കേണ്ട രണ്ട് പദ്ധതികളായ സാനിറ്ററി കോംപ്ലക്സ് നിർമ്മാണം, ദ്രവമാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ എന്നീ പദ്ധതികൾ നിർവ്വഹിക്കുന്നതിന് സ്ഥല പരിമിതിമൂലം ഹോസ്പിറ്റൽ അധികാരികൾ സമ്മതം നൽകുന്നില്ല എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരിച്ചു. 2023-24-ലും പദ്ധതി സ്പിൽ ഓവറായി തുടർന്നിട്ടുണ്ട്. പദ്ധതി രൂപീകരണ പ്രക്രീയയിലെ വലിയ പോരായ്മയാണ് ഇത് കാണിക്കുന്നത്. പദ്ധതിയുടെ സ്റ്റേക്ക് ഹോൾഡേഴ്സുമായി കൂടി ആലോചിക്കാതെയും, പ്രോജക്ടിന്റെ സാങ്കേതിക ക്ഷമതയും, പ്രായോഗികതയും പരിഗണിക്കാതെയുമാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്നാണ് വ്യക്തമാകുന്നത്.

ജലജീവൻ മിഷൻ പദ്ധതിയിൽ റോഡ് നശിപ്പിക്കപ്പെട്ടതിനാൽ കരാറുകാരന് വർക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന് നിരവധി പ്രവർത്തികളുടെ വിഷയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. ജലജീവൻ പദ്ധതിയ്ക്ക് പൈപ്പ് സ്ഥാപിക്കുന്നതിന് കുഴിക്കുന്ന റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള ചെലവ് കൂടി ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ കരാർ നൽകുന്നത്. ജൽജീവൻ മിഷൻ പദ്ധതിയുടെ കരാറെടുക്കുന്ന കോൺട്രാക്ടർമാർ ഈ പ്രവൃത്തി കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ചുമതല വാട്ടർ അതോറിറ്റി അധികാരികൾക്കുണ്ട്. ഭരണ സമിതി ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ KWA അധികാരികളുമായി ബന്ധപ്പെട്ട് നടത്തേണ്ടതാണ്.

ഇലക്ഷൻ പെരുമാറ്റ ചട്ടം ആയതിനാൽ നിരവധി പ്രവൃത്തികളുടെ സൈറ്റ് കരാറുകാരന് കൈമാറാനായിരുന്നില്ല. ഇലക്ഷൻ പെരുമാറ്റചട്ടം അവസാനിച്ചിട്ടും കരാറുകാരന് സൈറ്റ് കൈമാറാനായിട്ടില്ലെങ്കിൽ ആയതിനു ഉദ്യോഗസ്ഥർ ഉത്തരവാദികാളാണ്.

നോട്ടീസ് നൽകിയിട്ടും വർക്ക് ഏറ്റെടുക്കാത്തതും മറ്റും കാരണങ്ങളാൽ വർക്ക് പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിഷയത്തിൽ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ വ്യവസ്ഥകളും പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും അനുസരിച്ച് കരാർ ഉടമ്പടി പ്രകാരം പ്രവർത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് നൽകി 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കാവുന്നതും മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തീകരിക്കാവുന്നതുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ജാമ്യ നിക്ഷേപത്തിൽ നിന്നും സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും

വസൂലാക്കാവുന്നതാണ്. കൂടാതെ കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യാവുന്നതും കുറഞ്ഞത് 5 വർഷത്തേയ്ക്ക് പ്രവർത്തികൾ ഏറ്റെടുക്കുന്നതിൽ നിന്ന് വിലക്കാവുന്നതുമാണ്. പ്രവൃത്തി നടത്തുന്നതിൽ വീഴ്ചവരുത്തുന്ന കരാറുകാർക്കെതിരെ മേൽ പറഞ്ഞ പ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-23 HDPE പോട്ട് ടെണ്ടർ നടപടി കൂടാതെ വാങ്ങി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S0096/24 – പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും – ഗ്രോബാഗ് വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | ₹473550<br>വികസന ഫണ്ട് ജനറൽ – ₹354035<br>ഗുണഭോക്തൃ വിഹിതം – ₹119515 |
| ചെലവ് | ₹472000 |
| ഗുണഭോക്തൃ വിഹിതം, ചെക്ക് നം., തീയതി | ₹118000 (ചെക്ക് നം. 072604/31.03.2024) |
| ബിൽ നം, തീയതി, തുക | 188/09.11.2023 - ₹177000<br>189/09.11.2023 – ₹177000 |

മേൽ പ്രോജക്ടിന്റെ ഭാഗമായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ (KAICO) നിന്നും പോട്ടിംഗ് മിശ്രിതം നിറച്ച HDPE പോട്ടുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പോട്ടിന്റെ യൂണിറ്റ് കോസ്റ്റ് 200 രൂപ ആണ്. ആകെ 2360 പോട്ടുകൾ ആണ് വാങ്ങിയിട്ടുള്ളത്. പോട്ടുകൾ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം., തീയതി | തുക |
|---|---|
| V-410A/23-24, 01.11.2023 | 236000 |
| V-571A/23-24, 01.11.2023 | 236000 |

18.12.2019-ലെ സ.ഉ.(സാധാ)നം.2881/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം KAICO സ്വന്തമായി ഉത്പാദിപ്പിക്കുന്ന സാധനങ്ങളും, സബസിഡി മാർഗ്ഗരേഖയിലെ കൃഷിയുമായി ബന്ധപ്പെട്ട 1 മുതൽ 5 വരെ പരാമർശിച്ചിരിക്കുന്ന സാധന സാമഗ്രികളും KAICO-യിൽനിന്ന് ടെണ്ടർ നടപടി കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ HDPE പോട്ട് പരിശോധിച്ചതിൽ കാവേരി അഗ്രി ഇൻപുട്ട്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് പോട്ട് നിർമ്മിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ടു. KAICO സ്വന്തമായി ഉത്പാദിപ്പിക്കാത്ത പോട്ടുകൾ ടെണ്ടർ നടപടി കൂടാതെ വാങ്ങിയത് ക്രമപ്രകാരമല്ല. അതുപൊലെ തന്നെ പോട്ടുകൾക്ക് ഗ്യാരന്റി/വാറന്റി ഉറപ്പുവരുത്തിയതായും കണ്ടില്ല. 30.10.2023 തീയതിയിലെ സ.ഉ(സാധാ)നം.2118/2023/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പോട്ടിന് 5 വർഷത്തെ വാറന്റി വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി HDPE പോട്ടുകൾ ടെണ്ടർ നടപടി കൂടാതെ വാങ്ങിയതിന് വിശദീകരണവും, വാറന്റി സംബന്ധിച്ച രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/12.08.2024) മറുപടി ലഭ്യമാക്കിയില്ല. അപാകത മുൻനിർത്തി ചെലവ് (₹472000) തടസ്സപ്പെടുത്തുന്നു.

HDPE പോട്ടുകൾ ടെണ്ടർ നടപടി കൂടാതെ വാങ്ങിയതിന് സർക്കാരിൽനിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്. പ്രോജക്ടിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെട്ടിട്ടുണ്ടെന്നത് സംബന്ധിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കണം.

## 1-24 ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളായ ചുവടെ ചേർക്കുന്ന വ്യക്തികൾ മുൻകൂർ തുക കൈപ്പറ്റിയതിനുശേഷം നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.

**പ്രോജക്ട് നം 63/24 (ജനറൽ), 65/24 (എസ്.സി.പി)**

| ക്രമ നം | ഗുണഭോക്താക്കളുടെ വിവരം | വിഭാഗം | ആകെ കൈപ്പറ്റിയ ധനസഹായം | അവസാന ഗഡു കൈപ്പറ്റിയ തീയതി | നിർവ്വഹണം പൂർത്തിയായ ഘട്ടം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സരോജിനി എം. കെ. മുക്കട മണ്ണിൽ | ജനറൽ | 40,000 | 13.06.23 | മുൻകൂർ |
| 2 | സുധ പാലയ്ക്കൽ | എസ്.സി.പി. | 40,000 | 24.03.24 | മുൻകൂർ |
| 3 | ജോർജ്ജ് മാത്യു വളവനാട്ട് | ജനറൽ | 3,40,000 | 30.01.24 | ലിന്റൽ |
| 4 | ഗ്രേസിക്കുട്ടി എൻ.വി. നെടുമണ്ണിൽ | ജനറൽ | 3,40,000 | 30.03.24 | മേൽക്കൂര |
| 5 | അമ്മിണി കുഞ്ഞ് കുഞ്ഞ് | ജനറൽ | 3,00,200 | 22.07.24 | മേൽക്കൂര |
| 6 | ബാബു കെ.കെ. | എസ്.സി.പി. | 3,00,000 | 18.03.24 | മേൽക്കൂര |
| 7 | സുമേഷ് ശബരിയാമാങ്കൽ | എസ്.സി.പി. | 3,00,000 | 24.07.23 | ലിന്റൽ |
| 8 | ലതാ കെ.കെ. ക്കുനംമാവുങ്കൽ വീട് | എസ്സ്.സ്സി.പി. | 3,00,000 | 20.02.24 | ലിന്റൽ |
| 9 | പൊന്നമ്മ മാടപ്പാട്ട് | ജനറൽ | 40,000 | 24.03.24 | മുൻകൂർ |

ഭവനനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/8.08.24) മറുപടിയായി നിർമ്മാണം പൂർത്തിയാക്കാൻ നിർദേശം നൽകിയിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി.

## 1-25 വീട് വാസയോഗ്യമാക്കൽ പദ്ധതി - മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഗുണഭോക്താക്കളായ ചുവടെ ചേർക്കുന്നവർ മുൻകൂർ തുക കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായി.

**പ്രോജക്റ്റ് നം: 63/24 (ജനറൽ), 65/24 (എസ്.സി.പി)**

| ക്രമ നം | ഗുണഭോക്താക്കളുടെ വിവരം | ആകെ കൈപ്പറ്റിയ ധനസഹായം | ഗഡു കൈപ്പറ്റിയ തീയതി | നിർമ്മാണ ഘട്ടം |
|---|---|---|---|---|
| 1. | കെ.ജി. ദിനേശ് കുമാർ, എഴുമറ്റൂർ | 25,000 | 13/12/23 | മുൻകൂർ |
| 2. | സാമുവേൽ മാത്യു, ചാലാപ്പള്ളി | 25,000 | 13/12/23 | മുൻകൂർ |
| 3. | മത്തായി ജോർജ്ജ്, കൈമല | 25,000 | 13/12/23 | മുൻകൂർ |
| 4. | സുനിൽ എ.റ്റി., അടിച്ചിനാങ്കുഴി | 25,000 | 13/12/23 | മുൻകൂർ |
| 5. | കുഞ്ഞൂഞ്ഞ് ജേക്കബ്, പള്ളിത്താഴെ | 25000 | 26/03/24 | മുൻകൂർ |
| 6. | പൊന്നമ്മ വർഗ്ഗീസ് കടവിൽ | 25000 | 13/12/23 | മുൻകൂർ |

ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/08.08.24) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ, ബന്ധപ്പെട്ടവരോട് നിർമ്മാണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കണം.

## 1-26 അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. 13 അങ്കണവാടികൾക്കാണ് സ്വന്തമായി കെട്ടിടമുള്ളത്. ബാക്കി 8 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 12 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും, ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് ആയവ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്. 29.01.2018-ലെ സ.ഉ.(കൈ)നം.11/2018 /തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേകം ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-27 പി.എച്ച്.സി- മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

**1) ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S0037/24 -ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ തെള്ളിയൂർ |
| അടങ്കൽ തുക | ₹400000<br>(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് | ₹398731 |
| ബിൽ നം, തീയതി, തുക | 362, 15.02.2024 – ₹190000 |
| | 153, 04.10.2023 – ₹193754 |
| | 231, 08.12.2023 – ₹14977 |

മേൽ ചേർത്തിരിക്കുന്ന ബില്ലുകളിൽ 362, 153 എന്നീ ബില്ലുകൾ പ്രകാരം ആകെ 383754 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCL) നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്ന് ലഭ്യമായതിന്റെ ഇൻവോയിസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ പ്രകാരമുള്ള തുക | പെർഫോമ ഇൻവോയിസ് നം. | ഇൻവോയിസ് നം. | തീയതി | തുക |
|---|---|---|---|---|---|
| 1 | ₹193754 | 1403 | 21647 | 25.11.23 | 15400 |
| | | | 22704 | 05.12.23 | 5600 |
| | | | 24309 | 05.01.24 | 13440 |
| | | | 26873 | 13.02.24 | 13781 |
| | | | 27484 | 22.02.24 | 11133 |
| | | | 29782 | 08.03.24 | 5287 |
| | | | 1545 | 11.04.24 | 974 |
| | | | 3086 | 25.04.24 | 457 |
| | | | 6203 | 20.05.24 | 753 |
| | | | 8054 | 29.05.24 | 1221 |
| | | | 11172 | 07.06.24 | 13048 |
| | | | 12321 | 12.06.24 | 1926 |
| | | | 12646 | 13.06.24 | 2778 |
| | | | 31542 | 29.07.24 | 8425 |
| 2 | ₹190000 | 4072 | 29413 | 07.03.24 | 13973 |
| | | | 2507 | 19.04.24 | 14783 |
| | | | 2992 | 24.04.24 | 6783 |
| | | | 7899 | 28.05.24 | 4083 |
| | | | 8902 | 31.05.24 | 560 |
| | | | 10541 | 05.06.24 | 14769 |
| | | | 25606 | 16.07.24 | 3136 |
| | | | 31335 | 29.07.24 | 37500 |
| | | | 32189 | 30.07.24 | 4334 |
| | | | | ആകെ | 194144 |

ആകെ 194144 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ബാക്കി 189610 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/07.08.2024) മറുപടി ലഭിച്ചു. മരുന്നുകൾ വിതരണം ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടായിട്ടില്ലെന്നും, കാരുണ്യയിൽ മരുന്ന് കുറവുള്ളത് കാരണമാണ് മരുന്ന് ലഭ്യമാകാൻ വൈകുന്നതെന്നും അറിയിച്ചു. മുൻകൂറായി തുക നൽകിയതിന് ശേഷവും മരുന്ന് ലഭിക്കാനുള്ള കാലതാമസം ഖേദകരമാണ്. ബാക്കിയുള്ള മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**2) പാലിയേറ്റീവ് കെയർ പ്രോജക്ട്**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | S0035/24 – പാലിയേറ്റീവ് കെയർ പ്രോജക്ട് |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ തെള്ളിയൂർ |
| അടങ്കൽ തുക | ₹900000<br>₹500000 (വികസന ഫണ്ട് ജനറൽ)<br>₹150000 (ബ്ലോക്ക് വിഹിതം)<br>₹250000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ ചെലവ് | ₹580431 |
| ബിൽ നം, തീയതി, തുക | 275, 21.12.2023 – ₹250000<br>230, 08.12.2023 – ₹20220<br>198, 18.11.2023 – ₹39760<br>161, 07.10.2023 – ₹1000<br>138, 13.09.2023 – ₹1200<br>156, 07.10.2023 – ₹36804<br>106, 10.08.2023 – ₹38160<br>135, 13.09.2023 – ₹39670<br>76, 24.07.2023 – ₹39392<br>77, 24.07.2023 – ₹36387<br>78, 24.07.2023 – ₹39408<br>05, 20.05.2023 – ₹38430 |

ബിൽ നമ്പർ 275 തീയതി 21.12.2023 പ്രകാരം ആകെ 250000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCL) നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്ന് ലഭ്യമായതിന്റെ ഇൻവോയിസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ പ്രകാരമുള്ള തുക | പെർഫോമ ഇൻവോയിസ് നം. | ഇൻവോയിസ് നം | തീയതി | തുക |
|---|---|---|---|---|---|
| 1 | ₹250000 | 2080 | 25171 | 17.01.24 | 3528 |
| | | | 25849 | 01.02.24 | 93334 |
| | | | 27175 | 16.02.24 | 5337 |
| | | | 27783 | 24.02.24 | 10426 |
| | | | 28122 | 27.02.24 | 12839 |
| | | | 29560 | 08.03.24 | 3642 |
| | | | 30249 | 16.03.24 | 5712 |
| | | | 3065 | 25.04.24 | 3895 |
| | | | 6160 | 20.05.24 | 2079 |
| | | | 8043 | 29.05.24 | 22115 |
| | | ആകെ | | | 162907 |

ആകെ 162907 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ബാക്കി 87093 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13, 08.08.2024) മറുപടി ലഭിച്ചു. കാരുണ്യയിൽ മരുന്ന് കുറവുള്ളത് കാരണമാണ് മരുന്ന് ലഭ്യമാകാൻ വൈകുന്നതെന്നും, മരുന്ന് ലഭ്യമാക്കി അറിയിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പി.എച്ച്.സി.-യുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ മരുന്നുകൾ യഥാസമയം ലഭ്യമാവുകയെന്നത് അനിവാര്യമാണ്. സ്വാന്തന പരിചരണ പ്രോജക്ടിന് ആവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിലും കാലതാമസം നേരിടുന്നത് ഖേദകരമാണ്. മരുന്നുകൾ കൃത്യസമയത്ത് ലഭിക്കാതെ വരുന്നത് ആരോഗ്യ സ്ഥാപനത്തിന്റെ

പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ ബാക്കിയുള്ള മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ജനകീയ ഹോട്ടൽ പൂട്ടി

സ്വാദ് ജനകീയ ഹോട്ടൽ എന്ന പേരിൽ പഞ്ചായത്തിൽ പ്രവർത്തനം നടത്തിവന്നിരുന്ന ജനകീയ ഹോട്ടൽ പൂട്ടി. വിവിധ വർഷങ്ങളിലായി ഉപകരണങ്ങൾക്കായും വാടക, കറന്റ് ചാർജ്ജ് ഇനത്തിലും പഞ്ചായത്ത് ഗണ്യമായ തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ജനകീയ ഹോട്ടൽ പ്രവർത്തനം നിർത്തിയത് പഞ്ചായത്ത് ചെലവഴിച്ച തുക പാഴാകാൻ കാരണമാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിൽ പഞ്ചായത്ത് നൽകിയ ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ - അസി. സെക്രട്ടറി

ഫണ്ട് - വികസന ഫണ്ട്, പൊതുവിഭാഗം

| വർഷം | പദ്ധതി നമ്പർ | പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 2023-24 | 39/23-24 | ജനകീയ ഹോട്ടൽ പ്രവർത്തന ചെലവ് | 50000 | 47668 |
| 2022-23 | 96/22-23 | ജനകീയ ഹോട്ടൽ പ്രവർത്തന ചെലവ് | 50000 | 42350 |
| 2021-22 | 64/21-22 | വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ | 60000 | 51674 |

ജനകീയ ഹോട്ടൽ പ്രവർത്തനം നിർത്തിയതിന്റെ കാരണം, പഞ്ചായത്ത് വാങ്ങി നൽകിയ ഉപകരണങ്ങൾ എന്തു ചെയ്തു എന്നതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/09.08.24) അസി.സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, കുടുംബശ്രീയിൽനിന്നും ലഭിച്ച ധനസഹായം, സബ്സിഡി നിരക്കിൽ ലഭിച്ചിരുന്ന അരി എന്നിവ നിലച്ചതിനാൽ സംരംഭം ലാഭകരമല്ലാതായതിനാലാണ് ഹോട്ടൽ പ്രവർത്തനം നിർത്തിവച്ചതെന്ന് അറിയിച്ചു. പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് ജനകീയ ഹോട്ടലിനു വേണ്ടി ആർജ്ജിച്ച ആസ്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല. ജനകീയ ഹോട്ടൽ പ്രവർത്തനം പുനരാരംഭിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-29 സമ്പൂർണ ശുചിത്വം സ്മാർട്ട് ഗാർബേജ് ആപ് പദ്ധതി പൂർത്തിയാക്കിയിട്ടില്ല

2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന് പൊതുവിഭാഗം വികസന ഫണ്ടും, തനത് ഫണ്ടും ഉൾപ്പടെ ആകെ 218000 രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഓൺലൈൻ പ്ലാറ്റ് ഫോമിലൂടെ നിരീക്ഷിക്കുന്നതിനാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മാനേജ്മെന്റ് സിസ്റ്റം എന്ന മൊബൈൽ ആപ്ലിക്കേഷൻ. മാലിന്യസംസ്കരണ മേഖലയിലെ ഓരോ പ്രവർത്തനവും അതാത് സമയങ്ങളിൽ തന്നെ ഡിജിറ്റൽ സംവിധാനത്തിലൂടെ സംസ്ഥാനതലം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപന വാർഡ് തലം വരെ മോണിട്ടർ ചെയ്യുന്നതിനായി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കില എന്നിവരുടെ സഹകരണത്തോടെ വികസിപ്പിച്ച ആപ്ലിക്കേഷനാണ് ഹരിത മിത്രം. 2022-23 വർഷം പദ്ധതിക്ക് 204900 രൂപ ചെലവഴിച്ചു. 2023-24 വർഷം ഈ പദ്ധതിയുടെ തുടർ പ്രവർത്തനത്തിനായി 1,89,890 വകയിരുത്തുകയും 28485 രൂപ ചെലവഴിക്കുകയും ചെയ്തു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിനമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2022-23 | 117/22-23 | 218000 | 204900 |
| 2023-24 | 153/23-24 | 189890 | 28485 |
| | | ആകെ ചെലവ് | 233385 |

ഏഴുമറ്റൂർ ഗ്രാമപഞ്ചായത്തിലെ പതിനാലു വാർഡുകളിലെ കെട്ടിടങ്ങളിലും QR കോഡ് പതിക്കുന്നതിനാവശ്യമായ സ്റ്റിക്കറുകൾ, ലാപ്ടോപ്പ്, സർവ്വേക്കുള്ള ചെലവ് തുക, SMS ചാർജ് എന്നിവ അടക്കം 233385 രൂപ കെൽട്രോണിന് നൽകിയെങ്കിലും ഓഡിറ്റ് തീയതി വരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. പഞ്ചായത്തിലെ പതിനാല് വാർഡുകളിലെയും കെട്ടിടങ്ങളിൽ QR കോഡ് പതിച്ച് പദ്ധതി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി 26.04.23-ന് കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/9.08.24) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ലക്ഷ്യത്തിൽ എത്തിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-30 പുറമ്പോക്ക് ഭൂമി പരിപാലനം – അപാകതകൾ

കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 169(5), 218, 166(1) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയോ, നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്ക് വസ്തുക്കളുടെ അവകാശവും സംരക്ഷണവും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. പഞ്ചായത്തിന്റെ പുറമ്പോക്ക് ഭൂമി പരിപാലനവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

**1. പഞ്ചായത്ത് വക പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾ കൈയ്യേറി നിർമ്മാണം നടത്തി**

പഞ്ചായത്ത് വക പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾ കൈയ്യേറി നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഭൂമിയിലെ കൈയ്യേറ്റം സംബന്ധിച്ച് തഹസിൽദാർ (ഭൂരേഖ) മല്ലപ്പള്ളിയുടെ 14/07/2023-ലെ C1-1477/2023-ാം നമ്പർ കത്ത് മുഖേന പഞ്ചായത്ത് വക ഭൂമിയിൽ നാല് സ്വകാര്യ വ്യക്തികൾ കൈയ്യേറ്റം നടത്തിയിട്ടുണ്ടെന്നും, ടി കേസുകളിൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കണമെന്നും നിർദേശിച്ചിരുന്നു. ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/09.08.24) സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബ്ലോക്ക് | റീ സർവ്വേ നം. | കൈയ്യേറ്റക്കാരന്റെ പേരും മേൽവിലാസവും | കൈയ്യേറിയ വിധം | സെക്രട്ടറി ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 1 | 26 | 403/4 | തങ്കമ്മ, വെള്ളപ്പാറയിൽ, ചുഴന | തോട് പുറമ്പോക്ക് കരിങ്കൽ ഭിത്തി നിർമ്മിച്ച് കൈയ്യേറി | കൈയ്യേറിയ ഭാഗം ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 2 | 27 | 290/2 | ജോർജ് എം.ജെ., പള്ളിത്താഴെ വീട് | പുറമ്പോക്ക് കൈയ്യേറി ഷെഡ് നിർമ്മിച്ചിരിക്കുന്നു | കൈയ്യേറിയ ഭാഗം ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 3 | 26 | 168/3 | കെ.എം.എബ്രഹാം, കരിമ്പന്നൂർ, മല്ലപ്പള്ളി | തോടിന്റെ വശങ്ങൾ കരിങ്കൽ ഭിത്തികെട്ടി കൈയ്യേറിയിരിക്കുന്നു | കൈയ്യേറിയ ഭാഗം ഒഴിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടിയായി ടിയാൾക്ക് 26.07.24-ൽ സ്വയം ഒഴിയുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് |
| 4 | 27 | 125/8 | ബ്രഹ്മദാസ്, കലാഭവൻ, എഴുമറ്റൂർ | അനധികൃതമായി തോട് നികത്തി കൈയ്യേറി | കൈയ്യേറിയ ഭാഗം ഒഴിപ്പിക്കുന്നതിന്റെ പ്രാരംഭ നടപടിയായി ടിയാൾക്ക് 26.07.24-ൽ സ്വയം ഒഴിയുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് |

**2. പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥിതിചെയ്യുന്ന പുറമ്പോക്ക് വസ്തുക്കളുടെ നിലവിലെ സ്ഥിതി ഉൾപ്പെടുത്തി പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണവും പൊതുസുരക്ഷയും സംബന്ധിച്ച് 16.5.18, 8.11.18 തീയതികളിലെ സി2/15471/18 നമ്പർ സർക്കുലറുകൾ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പഞ്ചായത്ത് പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയുടെ കൃത്യത ഉറപ്പാക്കാവുന്ന യാതൊരു രേഖയും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഇത് പഞ്ചായത്ത് വക ഭൂമിയുടെ കൈയ്യേറ്റങ്ങൾക്ക് കാരണമാകും. പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കുന്നതിനും, ഭൂമി കൈയ്യേറ്റക്കാരിൽനിന്നും സംരക്ഷിക്കുന്നതിനും പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കേണ്ടത് അത്യാവശ്യമാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

| | |
|---|---|
| 1. | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 242-ാം വകുപ്പും 1996-ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെ സഹായം ലഭ്യമാക്കി, പുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 2. | പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. |
| 3. | പുറമ്പോക്ക് സംരക്ഷണവുമായി ബന്ധപ്പെട്ട് സർക്കാർ 08/11/18-ൽ പുറപ്പെടുവിച്ചിട്ടുള്ള സി2/15471/18 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 4. | പുറമ്പോക്ക് ഭൂമിയിലെ അനധികൃത കൈയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് 1996-ലെ കേരള പഞ്ചായത്ത് രാജ് (കൈയേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വെയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) |

ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽനിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ചട്ട പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനും, മോണിറ്റർ ചെയ്യുന്നതിന് സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും, നിധിയുടെ വരവ് ചെലവ് കൈകാര്യം ചെയ്യുന്നതിനായി സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനും 22.11.23-ലെ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു (തീരുമാന നം.2/1). ഇതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/08.08.24) മറുപടിയായി 22.11.23-ലെ കമ്മിറ്റി തീരുമാന പ്രകാരം ഫെഡറൽ ബാങ്ക് തടിയൂർ ശാഖയെ സമീപിച്ചപ്പോൾ കമ്മിറ്റി തീരുമാനത്തിൽ ഭേദഗതി നിർദ്ദേശിച്ചിരുന്നുവെന്നും, ആയത് പ്രകാരം 12.08.24-ൽ പുതിയ തീരുമാനം എടുത്തുവെന്നും അറിയിച്ചു. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-32 യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്തിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ നം. | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | പ്രസിഡന്റ് അംഗീകരിച്ച തീയതി |
|---|---|---|---|---|
| 1 | 14/23 | 11.04.23 | 19.06.23 | 19.06.23 |
| 2 | 15/23 | 20.04.23 | 08.05.23 | 08.05.23 |
| 3 | 16/23 | 03.05.23 | 09.06.23 | 09.06.23 |
| 4 | 17/23 | 06.05.23 | 06.06.23 | 06.06.23 |
| 5 | 18/23 | 12.05.23 | 23.05.23 | 23.05.23 |
| 6 | 19/23 | 20.05.23 | 19.06.23 | 19.06.23 |
| 7 | 20/23 | 31.05.23 | 19.06.23 | 19.06.23 |
| 8 | 21/23 | 20.06.23 | 31.07.23 | 31.07.23 |
| 9 | 22/23 | 10.07.23 | 23.09.23 | 23.09.23 |
| 10 | 23/23 | 25.07.23 | 22.08.23 | 22.08.23 |
| 11 | 24/23 | 04.08.23 | 09.10.23 | 09.10.23 |
| 12 | 25/23 | 11.08.23 | 09.10.23 | 09.10.23 |
| 13 | 27/23 | 25.08.23 | 23.09.23 | 23.09.23 |
| 14 | 28/23 | 18.09.23 | 15.11.23 | 15.11.23 |
| 15 | 29/23 | 25.09.23 | 09.10.23 | 09.10.23 |
| 16 | 31/23 | 09.10.23 | 18.11.23 | 18.11.23 |
| 17 | 32/23 | 18.10.23 | 30.04.24 | 30.04.24 |
| 18 | 33/23 | 30.10.23 | 12.12.23 | 12.12.23 |
| 19 | 34/23 | 07.11.23 | 02.03.24 | 02.03.24 |
| 20 | 38/23 | 30.11.23 | 12.12.23 | 12.12.23 |
| 21 | 39/23 | 07.12.23 | 04.03.24 | 04.03.24 |
| 22 | 40/23 | 22.12.23 | 07.05.24 | 07.05.24 |

| | | | | |
|---|---|---|---|---|
| 23 | 1/24 | 01.01.24 | 15.03.24 | 15.03.24 |
| 24 | 2/24 | 10.01.24 | 04.03.24 | 04.03.24 |
| 25 | 3/24 | 19.01.24 | 01.03.24 | 01.03.24 |
| 26 | 4/24 | 24.01.24 | 03.02.24 | 03.02.24 |
| 27 | 6/24 | 09.02.24 | 01.03.24 | 01.03.24 |
| 28 | 7/24 | 13.02.24 | 28.02.24 | 28.02.24 |
| 29 | 8/24 | 29.02.24 | 27.07.24 | 27.07.24 |
| 30 | 9/24 | 13.03.24 | 15.04.24 | 15.04.24 |
| 31 | 10/24 | 16.03.24 | 28.03.24 | 28.03.24 |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/05.08.24) മറുപടിയായി, മിനിട്സ് സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. ഭാവിയിൽ ചട്ടം അനുശാസിക്കും പ്രകാരം യോഗനടപടികളുടെ മിനിട്സ് പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-33 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ – ഹരിതകർമ്മസേനാ പ്രവർത്തനം – അവലോകനം

കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 219(എ) മുതൽ (എസ്) വരെയുള്ള വകുപ്പുകൾ പ്രകാരം മാലിന്യം നിർമാർജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും മാലിന്യ ഉൽപ്പാദകരുടെയും ചുമതലകൾ നിർവചിച്ചിട്ടുണ്ട്. കൂടാതെ ആക്ടിലെ സെക്ഷൻ 166-ന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 07.06.2024-ലെ ഡി.കെ.എസ്.എ.47/സി.എ.ആർ.3/2004 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ '**ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ – കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ**' എന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം എഴുമറ്റൂർ ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ, മാലിന്യസംസ്കരണ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി ബന്ധപ്പെട്ട പദ്ധതികളുടെ ഫയലുകൾ, ഓഡിറ്റ് എൻക്വയറികൾക്ക് (എൻക്വയറി നം.2 തീയതി 05.08.2024) പഞ്ചായത്ത് സമർപ്പിച്ച വിവരങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിശകലം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1. അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിലായി 18799 (2011 സെൻസസ് പ്രകാരം) ആളുകൾ താമസിക്കുന്നുണ്ട്. നിലവിൽ 6903 വീടുകളും 1256 വാണിജ്യ സ്ഥാപങ്ങളുമാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഹരിതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തുന്ന 4552 വീടുകളും 482 വാണിജ്യ സ്ഥാപങ്ങളുമാണുള്ളത്. ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന് തുക നൽകൽ പദ്ധതിയുമായി ബന്ധപ്പെട്ട് 2022-23 സാമ്പത്തിക വർഷം 204900 രൂപയും, 2023-24 സാമ്പത്തിക വർഷം 28485 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 4245 വീടുകളിലും 482 വാണിജ്യ സ്ഥാപങ്ങളിലും 'QR Scan Code' പതിപ്പിച്ചിട്ടുണ്ട്.

### 2. മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും, ഷെഡ്യൂൾ പ്രകാരം മാലിന്യ സംസ്കരണം നടത്തുകയും ചെയ്യുന്നുണ്ട്. ഹരിതകർമ്മ സേനക്ക് മാലിന്യം കൈമാറാത്ത സ്ഥാപനങ്ങൾക്കും, വീടുകൾക്കും നോട്ടീസ് നൽകിയിട്ടുണ്ട്. മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവരിൽനിന്നും പിഴ ഈടാക്കിയിട്ടുണ്ട്. എല്ലാ പൊതു പരിപാടികളിലും ഹരിതകർമ്മ സേനയെക്കുറിച്ചും മാലിന്യ സംസ്കരണത്തെകുറിച്ചും ബോധവൽക്കരണം നടത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

### 3. മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിടത്തിൽ സംസ്കരിക്കാൻ കഴിയുന്ന മാലിന്യങ്ങൾ ഹരിതകർമ്മസേന ശേഖരിക്കുന്നില്ല. ഉറവിട മാലിന്യ സംസ്കരണകരണത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

### 4. റീസൈക്ലിംഗ്

പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കുന്നത് വഴി പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നത് സംബന്ധിച്ച്

ബോധവത്കരണം നൽകിയിട്ടുണ്ട്. തുണി പോലുള്ള പാഴ്വസ്തുക്കളിൽ നിന്നും ഉപയോഗമുള്ള സാധനങ്ങൾ നിർമ്മിക്കുന്നതിനായി പരിശിലനം നൽകിയിട്ടുണ്ട്.

**5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 2023 ജൂൺ 5-ന് ഹരിതസഭയും, കുടുംബശ്രീ വഴി കുട്ടികൾക്കായി ബാലസഭയും നടത്തിയിട്ടുണ്ട്. ഒക്ടോബർ രണ്ടിന് മാലിന്യമുക്തം നവകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ക്ലീൻ ഡ്രൈവ് നടത്തി.

**6. തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മ സേനയുടെ ഭാഗമായി നിലവിൽ 27 ആളുകൾ പ്രവർത്തിക്കുന്നുണ്ട്. ഹരിതകർമ്മ സേനയുടെ പ്രവർത്തനം 100% ഭവനങ്ങളിലേക്കും വാണിജ്യ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നത് വഴി കൂടുതൽ തൊഴിലവസരങ്ങളും, സേനാംഗങ്ങൾക്ക് ഉയർന്ന വേതനവും ഉറപ്പാക്കുന്നതാണ്.

**7. അടിസ്ഥാന സൗകര്യ വികസനം**

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നിലവിൽ 2 എം.സി.എഫ്, 28 മിനി എം.സി.എഫുകൾ, 1 തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റ് കുഴി എന്നിവയാണുള്ളത്. ഹരിതകർമ്മ സേന മാലിന്യ നീക്കത്തിന് ഉപയോഗിക്കുന്ന വാഹനം Ape Xtra LD PU (രജിസ്ട്രേഷൻ നം. KL-28-D-9507) ആണ്. വണ്ടി ഓടിക്കുന്നതിനായി ഒരു ഡ്രൈവറെ ദിവസവേതന അടിസ്ഥാനത്തിൽ (പ്രതിദിനം ₹730) നിയമിച്ചിട്ടുണ്ട്.

**8. പാരിസ്ഥിതിക ആഘാതം**

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നതിനും, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിനും പിഴ ഈടാക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡ് 12.04.2023, 13.09.2023 തീയതികളിലായി നടത്തിയ പരിശോധനയിൽ 11 കടകളിൽ നിന്നും 35.8 കി.ഗ്രാം. നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പിടിച്ചെടുത്ത വകയിൽ 30,000 രൂപ ഈടാക്കിയിട്ടുണ്ട്. മാലിന്യം പൊതു സ്ഥലങ്ങളിൽ നിക്ഷേപിച്ചവരിൽ നിന്നും ആകെ 25,000 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

**9. പരിശീലനവും വികസനവും**

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കുന്നതിന്റെയും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ അനുശാസിക്കുന്ന പരിശീലനങ്ങൾ കില, ശുചിത്വ മിഷൻ എന്നീ സ്ഥാപനങ്ങൾ വഴിയും വിവിധ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും നല്കി വരുന്നുണ്ട്. 5 ഹരിതകർമസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകുന്നതിനായി കുടുംബശ്രീ ജില്ലാ മിഷന് കത്ത് നൽകിയിട്ടുണ്ട്

**10. നിയമങ്ങൾ പാലിക്കൽ**

മാലിന്യ സംസ്കരണ ചട്ടങ്ങളും, മാനദണ്ഡങ്ങളും പാലിച്ചാണ് ഹരിതകർമ്മ സേനയുടെ പ്രവർത്തനം നടക്കുന്നത്.

**11. ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

ഹരിതകർമ്മസേനാംഗങ്ങൾക്ക് ഹരിതമിത്രം ആപ്പിന്റെ പ്രവർത്തനം പഠിപ്പിക്കുന്നതിനായി പഞ്ചായത്തിൽ ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. അജൈവമാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുന്നതുമായി ബന്ധപ്പെട്ടും ട്രെയിനിംഗുകൾ നൽകിയിട്ടുണ്ട്. ഹരിത മിത്രം ആപ്പ് ഉപയോഗിച്ച് ഹരിതകർമ്മ സേനയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നുണ്ട്.

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) / റിസോഴ്സ് റിക്കവറി ഫെസിലിറ്റി(RRF)**



തെള്ളിയൂർ, കാരമല എം.സി.എഫുകൾ

## 1. അടിസ്ഥാന വിവരങ്ങൾ

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നിലവിൽ രണ്ട് എം.സി.എഫുകളാണുള്ളത്. എം.സി.എഫ് ഏരിയയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | എം.സി.എഫ്. തെള്ളിയൂർ | എം.സി.എഫ്. കാരമല |
|---|---|---|
| ടിപ്പിംഗ് ഏരിയ (ച.മീ.) | - | - |
| സ്റ്റോറേജ് ഏരിയ (ച.മീ.) | 880 | 440 |
| സോർട്ടിംഗ് ഏരിയ (ച.മീ.) | 200 | 150 |
| അന്തിമ സംഭരണശേഷി (ച.മീ.) | 680 | 290 |

12-ാം വാർഡിലെ 49-ാം നമ്പർ അങ്കണവാടിയിൽനിന്നും വെറും രണ്ട് മീറ്റർ മാത്രം മാറിയാണ് കാരമലയിലെ പുതിയ MCF കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. 8.41 ലക്ഷം രൂപ ചെലവഴിച്ച് അങ്കണവാടി കോമ്പൗണ്ടിൽ നിർമ്മിച്ച MCF കെട്ടിടം ജനങ്ങളുടെ പ്രതിക്ഷേധം കാരണം അടച്ചുപൂട്ടി.

## 2. മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്ന് ശേഖരിക്കുന്ന പാഴ് വസ്തുക്കൾ ഹരിതകർമ്മ സേന MCF/RRF- ലേക്ക് കൃത്യമായി കൈമാറാറുണ്ട്.

## 3. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന്റെ ഭാഗമായി ക്യു.ആർ. കോഡ് എൻറോൾമെന്റ് 84% പൂർത്തിയായിട്ടുണ്ട്. ക്യു.ആർ. കോഡ് സ്കാൻ ചെയ്ത് തന്നെയാണ് സർവീസ് നടത്തുന്നതെന്ന് നിരീക്ഷിക്കാറുണ്ട്. ഹരിതകർമ്മ സേന കളക്ഷന് ഇറങ്ങുന്ന ദിവസങ്ങളിൽ അവരെ ഫോൺ വിളിച്ച് പെൻഡിംഗ് ആയിട്ടുള്ള സർവീസ് പൂർത്തിയാക്കാൻ നിർദ്ദേശം നൽകാറുണ്ട്.

## 4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

പാഴ്വസ്തു സംഭരണകേന്ദ്രങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടം ഒഴിവാക്കുന്നതിന് പഞ്ചായത്തുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. 11.10.2021 തീയതിയിലെ നം.4/DC1/202/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള ഫയർ ആന്റ് സേഫ്റ്റിയിൽ എൻ.ഒ.സി. എം.സി.എഫിന് ലഭിച്ചിട്ടുണ്ട്.

## 5. ശുചിത്വ മാനദണ്ഡങ്ങൾ

എം.സി.എഫ്. പരിസരം വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ തരം തിരിച്ചവയും, തരം തിരിക്കാത്തവയും പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

## 6. മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നതിലെ കാര്യക്ഷമത

സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും, ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് സേനാംഗങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്. ക്ലീൻ കേരള കമ്പനിക്ക് 5990 കി.ഗ്രാം ലെഗസി

വേസ്റ്റ് കൈമാറിയ വകയിൽ 50000 രൂപ നൽകിയിട്ടുണ്ട്. ബാക്കി 9900 രൂപ നൽകാൻ അവശേഷിക്കുന്നു.

**7. യൂസർ ഫീസ് പിരിവ്**

ഹരിത കർമ്മ സേനയുടെ യൂസർ ഫീസായി വീടുകളിൽ നിന്ന് 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് കളക്റ്റ് ചെയ്യുന്നത്. യൂസർ ഫീസിനത്തിൽ 1250550 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

ശുചിത്വ പരിപാലനം ഉറപ്പാക്കുന്നതിൽ ഹരിതകർമ്മ സേനയുടെ സേവനം പൊതുവെ തൃപ്തികരമാണ്. മാലിന്യം അശ്രദ്ധമായി വലിച്ചെറിയുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് വഴിയും മാലിന്യ സംസ്കരണത്തെ പ്രോൽസാഹിപ്പിക്കുന്നവർക്ക് പാരിതോഷികങ്ങൾ നൽകുന്നത് വഴിയും മാലിന്യ നിർമാർജ്ജനത്തെ പുതിയ തലത്തിലെത്തിക്കാൻ ഹരിത കർമ്മ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലൂടെ സുസ്ഥിര വികസനത്തിലെത്തുന്നതിന് ഹരിതകർമ്മ സേന അവിഭാജ്യഘടകമാണ്. ഹരിതകർമ്മ സേനയുടെ ക്ഷമത ഉയർത്തി പ്രവർത്തനം കുറ്റമറ്റതാകാൻ സഹായിക്കുന്ന ഏതാനും ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

| | |
|---|---|
| 1. | പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| 2. | ഹരിതമിത്ര ആപ്പിന്റെ ഭാഗമായുള്ള QR Scan Code എൻറോൾമെന്റ് 100% ആക്കുന്നത് വഴി മോണിറ്ററിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും. |
| 3. | യൂസർ ഫീസ് പിരിവ് 100% ആകുന്നതിന്റെ ഭാഗമായി ഈയിനത്തിലെ കുടിശ്ശിക വസ്തുനികുതി കുടിശ്ശികയായി കണക്കാക്കി പിരിച്ചെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം നടപടികൾ സേനാംഗങ്ങൾക്ക് കൂടുതൽ വരുമാനവും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾക്കും വഴിയൊരുക്കും. |
| 4. | ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്. |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 169000 | 23/24 - ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും | 169000 | 0 |
| | 128221 | 24/24 - അങ്കണ വാടി സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം | 128221 | 0 |
| | 20000 | 42/24 - ലൈഫ് മിഷൻ ഭവനനിർമ്മാണം-ജനറൽ | 20000 | 0 |

| | | | | |
|---|---|---|---|---|
| | 250000 | 48/24 – ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ്സിഡി | 250000 | 0 |
| | 1880000 | 60/24 - ലൈഫ് മിഷൻ ഭവനനിർമ്മാണം-പട്ടികജാതി | 1880000 | 0 |
| | 134385 | 152/24 - പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 134385 | 0 |
| | 96940 | 167/24 - നിർമ്മല ഗ്രാമം നിർമല നഗരം നിർമ്മല ജില്ലാ - ബയോബിൻ വാങ്ങി നൽകൽ | 96940 | 0 |
| **ആകെ** | **2678546** | | **2678546** | **0** |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 250000 | 35/24 – സാന്ത്വന പരിചരണ പരിപാടി | | 250000 |
| | 158638 | 48/24 – ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ്സിഡി | | 158638 |
| | 74653 | 171/24 - വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം | | 74653 |
| **ആകെ** | **483291** | | **483291** | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവ് (യൂട്ടിലൈസേഷന് ലഭിച്ചിട്ടുള്ളത്) |
|---|---|---|---|
| കെ.എസ്.ഇ.ബി | 19/24 – ആശ്രാമം താന്നിക്കൽ റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (വാർഡ് 4) | 20320 | ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | 161/24 – തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥപിക്കൽ | 87969 | ലഭിച്ചിട്ടില്ല |
| കെ.ഡബ്ല്യൂ.എ. | 201/24 – സ്ട്രീറ്റ് ടാപ്പ് ഡിസ്കണക്ഷൻ | 127000 | ലഭിച്ചിട്ടില്ല |

സ.ഉ(കൈ) നം.45/2023/ധന, തീയതി.10.03.2023 ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്കിനായി നിക്ഷേപിക്കുന്ന തുക അതത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കേണ്ടതും ചെലവഴിക്കാത്ത തുക സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ തൻ വർഷം ഡിപ്പോസിറ്റ് ചെയ്ത തുക തൻവർഷം തന്നെ ചെലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. അക്രഡിറ്റഡ് ഏജൻസികളിൽ നിക്ഷേപിച്ച തുകയിൽ ചെലവഴിക്കാത്ത തുക അടുത്ത സാമ്പത്തിക വർഷത്തെ ഗ്രാന്റിൽ നിന്നും കുറവാക്കും എന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ നിക്ഷേപ പ്രവൃത്തികൾ അതത് വർഷം തന്നെ പൂർത്തീകരിക്കാൻ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| KURDFC LIFE MISSION | സ.ഉ.(കൈ)നം.11/2018 /ത.സ്വ.ഭവ., തീ.29/01/2018 | 7694803 | 3777543 | 548013 | 0 | 3229530 |
| HUDCO LIFE MISSION | -- | 2279446 | 0 | 0 | 0 | 2279446 |
| **ആകെ** | | | | | | **5508976*** |

* വാർഷിക കണക്കുകളുമായി 174118 രൂപയുടെ വ്യത്യാസം ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2022-23 | ഓഡിറ്റ് എൻക്വയറി | 500 | കൃഷി ഓഫീസർ, കൃഷി ഭവൻ, എഴുമറ്റൂർ | 1230102042/24-11-2023 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003 -04 | 3-2 | 2006-07 | 3.18.2.5 | തെരുവ് വിളക്ക് സ്ഥാപിക്കൽ -വെണ്ണിക്കുളം AE യ്ക്ക് അടവാക്കിയത് UC ലഭ്യമല്ല | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-1 | 2016-17 | അനുബന്ധം -3 | വസ്തു നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-2 | 2016-17 | അനുബന്ധം -3 | വസ്തു നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-7 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (R&P പത്രിക പ്രകാരം, മുന്നിരിപ്പ് ഉൾപ്പെടെ) | ₹3,84,34,091 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,74,93,813 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹13,13,053 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹8,41,053 | ശ്രീമതി ദീപ കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | ₹4,72,000 | ശ്രീ. അമൽ സുരേഷ്, കൃഷി ഓഫീസർ |
| **ആകെ** | **₹13,13,053** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-12 | ₹10,67,605 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ദീപ കെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | കോട്ടൂർ വീട്, വെട്ടിക്കവല പി.ഒ.-691 538 |
| ശ്രീ. അമൽ സുരേഷ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | ശിവ കൃപ ഐവേർക്കല, വെസ്റ്റ് നോർത്ത്, പുത്തനമ്പലം പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ/പി8/178/04, തീയതി 2.11.2004/14.1.2005 | 2 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി8/462/07, തീയതി 12.12.2011/21.7.2012 | 7 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി3/389/05, തീയതി 5.5.2006 | 4 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി5/676/11, തീയതി 9.12.2011/27.7.2012 | 2 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി5/677/11, തീയതി 12.12.2011/28.7.2012 | 4 |
| 2006-07 മുതൽ 2010-11 വരെ | എൽ.എഫ്.പിറ്റിഎ/പി8/975/12, തീയതി 23.3.2013/3.6.2014 | 15 |
| 2015-16 | കെ.എസ്.എ.പിറ്റിഎ/പി8/1359/16, തീയതി 24.12.2016 | 10 |
| 2016-17 | കെ.എസ്.എ.പിറ്റിഎ/പി8/1131/17, തീയതി 4.10.2017 | 9 |
| 2017-18 | കെ.എസ്.എ.പിറ്റിഎ/പി8/1379/18, തീയതി 24.10.2018 | 8 |
| 2018-19 | കെ.എസ്.എ.പിറ്റിഎ/പി8/4/2020, തീയതി 3.2.2020 | 6 |
| 2019-20 | കെ.എസ്.എ.പിറ്റിഎ/പി8/750/21, തീയതി 20.12.2021 | 5 ഖണ്ഡികകൾ 1-11, 1-12, 1-18, 1-19, 1-20, |
| 2020-21 | കെ.എസ്.എ.പിറ്റിഎ/പി8/751/21, തീയതി 20.12.2021 | 6 ഖണ്ഡികകൾ 1-11-1, 1-16-1, 1-18, 1-20 & 1-29, 1-30 |

| | | |
|---|---|---|
| 2021-22 | കെ.എസ്.എ.പിറ്റിഎ/പി8-1431/22, തീയതി: 23.01.2023 | 18 ഖണ്ഡികകൾ<br><br>1-11, 1-12, 1-13, 1-14, 1-16, 1-17 1-18, 1-19, 1-20, 1-21, 1-23, 1-25, 1-26, 1-27, 1-30, 1-33, 1-34, 4-2 |
| 2022-23 | കെ.എസ്.എ.പിറ്റിഎ/പി8-1165/23, തീയതി: 05.12.2023 | 6 ഖണ്ഡികകൾ<br><br>1-17,1-19, 1-20, 1-21, 1-22. 1-25 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 31-05-2024 and submitted on 03-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the EZHUMATTOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of EZHUMATTOOR Grama Panchayat as on 31-03-2024

**Date: 07/09/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of EZHUMATTOOR Grama Panchayat for the Year 2023-2024.**

**1.Major Observations**

1. Valuation of land assets as per balance sheet is not accurate. The asset value shown in Balance sheet is not traceableto asset register due to unsupported design of existing asset register.
2. Property Tax amount in Saankhya and Sanchaya software do not match.

**2.Other Observations**

1. Key Ratios and Notes on Accounts as per rule 62 of the Kerala Panchayati Raj Accounts Rules

have not been submitted with the annual accounts.

2. Cash Flow Statement-Net increase in cash flow does not match with the difference between opening balance and closing balance of cash and cash equivalents.
3. Lapses in making timely and accurate demand entries in respect of tax and non tax revenue.
4. Amount deposited in various implementing agencies for deposit works is incorrect and not reliable for audit.
5. There is no accurate record of utilization of special purpose grants. In the absence of registers and records the accuracy of the balance as per AFS is not certified in the audit.
6. The amount shown under the head Joint ventures is not accurate.
7. Actual Income and expenditure figures of the NREGS do not match with Annual Accounts.
8. The amount in the deposit register and the Annual Accounts do not match.
9. Life Mission loan amount and Annual Accounts do not match.
10. The accuracy of the Beneficiary Contribution amount recorded as liability cannot be ensured.
11. The amount under the heading Loans, Advances and Deposits is incorrect.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്